മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

Vol. 08 No. 17 THE ONLINE OFFICIAL NEWS BULLETIN 2025 April 24

SEASON OF THE RESURRECTION | ഉയിർപ്പുകാലം

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
27 New Sunday Faith Declaration Sunday (Faith of St. Thomas - My Lord & My God) 354th Mem. of Mar Gregorios Abdul Jaleel Metropolitan (Vadakan Paravur Church) 8/1	28 5	29 Comme. of Mar Sabor & Mar Aproth 1	30 5	1 Comme. of St. James the Apostle (Son of Zebedee) Comme. of St Michael Sahada 1	2 5	3 112th Mem. of H.H. Baselios Paulose I Catholicos (Pampakuda Cheriya Palli) 1



പരുമല ആശുപത്രിയിൽ അത്യാധുനിക പീഡിയാട്രിക് ബ്ലോക്ക് കൂദാശ ചെയ്തു

പരുമല: സെന്റ് ഗ്രിഗോറിയോസ് മെഡിക്കൽ മിഷൻ ആശുപത്രിയിൽ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ പുതിയ പീഡിയാട്രിക് ബ്ലോക്കിന്റെ കൂദാശ ഏപ്രിൽ 23-നു നടത്തപ്പെട്ടു. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ മുഖ്യ കാർമികത്വത്തിൽ കൂദാശ നിർവ്വഹിച്ചു.

കുട്ടികളുടെ അത്യാഹിത പരിചരണത്തിനായി പ്രത്യേകം സജ്ജീകരിച്ച പീഡിയാട്രിക് ഐ.സി.യു (Pediatric ICU), പീഡിയാട്രിക് വാർഡ് (Pediatric Ward) ഒ.പി. വിഭാഗം എന്നിവ ഉൾപ്പെടെയുള്ള അത്യാധുനിക സൗകര്യങ്ങൾ പുതിയ പീഡിയാട്രിക് ബ്ലോക്കിൽ സജ്ജീകരിച്ചിട്ടുണ്ട്.

മെത്രാപ്പോലീത്തമാരായ കുര്യാക്കോസ് മാർ ക്ലീമിസ് മെത്രാപ്പോലീത്ത, ഡോ. ജോസഫ് മാർ ദീവന്നാസിയോസ്, ഡോ. യൂഹാനോൻ മാർ തേവോദോറോസ്, സഖറിയാ മാർ സേവേറിയോസ്, എബ്രഹാം മാർ എപ്പിഫാനിയോസ് എന്നിവർ പീഡിയാട്രിക് ബ്ലോക്കിന്റെ കൂദാശ കർമ്മത്തിൽ സംബന്ധിച്ചു.



ഡോ. ടിജു തോമസ് കസ്റ്റംസ് പ്രിവന്റീവ് കമ്മിഷണർ

കൊച്ചി: ഡോ. ടിജു തോമസ് ഐ.ആർ.എസ്. കേരളത്തിന്റെയും ലക്ഷദ്വീപിന്റെയും ചുമതലയുള്ള കസ്റ്റംസ് പ്രിവന്റീവ് കമ്മീഷണറായി ചുമതലയേറ്റു. ഡയറക്ടറേറ്റ് ഓഫ് റവന്യൂ ഇന്റലിജൻസ് (ഡി.ആർ.ഐ.) അഡീഷണൽ ഡയറക്ടർ ജനറലായിരുന്നു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ വർക്കിംഗ് കമ്മറ്റി അംഗമായി പ്രവർത്തിക്കുന്നു. മല്ലപ്പള്ളി സ്വദേശിയാണ്.



ഫ്രാൻസിസ് മാർപാപ്പാ കാലം ചെയ്തു

റോം: റോമൻ കത്തോലിക്കാ സഭയുടെ വലിയ ഇടയൻ ഫ്രാൻസിസ് മാർപാപ്പാ കാലം ചെയ്തു. ഇരു ശ്വാസകോശങ്ങളിലും ന്യുമോണിയ ബാധിച്ച് ദീർഘകാലം ആശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞ ശേഷം വത്തിക്കാനിലെ വസതിയിൽ മടങ്ങിയിരുന്നു. തുടർന്നാണ് അന്ത്യം സംഭവിച്ചത്. 89 വയസ്സായിരുന്നു. 11 വർഷം സഭയെ നയിച്ചിരുന്നത് ഫ്രാൻസിസ് മാർപ്പാപ്പയായിരുന്നു. ജോർജ് മരിയോ ബെർഗോഗ്ളിയോ എന്നാണ് ഫ്രാൻസിസ് മാർപാപ്പയുടെ യഥാർഥ പേര്. 1936 ഡിസംബർ 17-നു അർജന്റീന തലസ്ഥാനമായ ബ്യൂണസ് ഐറിസിലായിരുന്നു ജനനം. കെമിക്കൽ ടെക്നീഷ്യൻ ബിരുദം നേടിയ അദ്ദേഹം പിന്നീട് പൗരോഹിത്യത്തിന്റെ വഴി തിരഞ്ഞെടുക്കുകയായിരുന്നു.

ഫ്രാൻസിസ് മാർപാപ്പായുടെ സംസ്കാരം ശനിയാഴ്ച. സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ ഇന്ത്യൻ സമയം ഉച്ചയ്ക്ക് 1.30-നു ആരംഭിക്കുന്ന സംസ്കാര ശുശ്രൂഷകൾക്ക് കർദിനാൾ കോളജിന്റെ ഡീൻ കർദിനാൾ ജിയോവാനി ബാറ്റിസ്റ്റ റെ കാർമികത്വം വഹിക്കും. തുടർന്ന്, മാർപാപ്പയുടെ ആഗ്രഹപ്രകാരം റോമിലെ മേരി മേജർ ബസിലിക്കയിലെത്തിച്ച് അടക്കം ചെയ്യും. സംസ്കാരച്ചടങ്ങിൽ മലങ്കരസഭയെ പ്രതിനിധീകരിച്ച് അബ്രഹാം മാർ സ്തേഫാനോസിന്റെ നേതൃത്വത്തിലുള്ള സംഘം പങ്കെടുക്കും. തിങ്കളാഴ്ച വിടവാങ്ങിയ മാർപാപ്പായുടെ ഭൗതികശരീരം സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ പൊതുദർശനത്തിനായി ശനിയാഴ്ച വരെ വയ്ക്കും. പുതിയ മാർപാപ്പയെ തിരഞ്ഞെടുക്കാനുള്ള കോൺക്ലേവിനു മേയ് 6-നു മുൻപ് തുടക്കമാകും.



ഐക്യത്തിന്റെ ആർദ്രസ്വരം

പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ

ക്രൈസ്തവ വിശ്വാസികളുടെ ഹൃദയത്തിൽ വലിയ ദുഃഖം ഉളവാക്കിയാണ് ഫ്രാൻസിസ് മാർപാപ്പാ യാത്ര പറയുന്നത്. വലിയ ഇടയനെ നഷ്ടമായ കത്തോലിക്കാ സഭയുടെ വേദനയിൽ പങ്കുചേരുന്നു.

മാർപാപ്പായുമായി 2023-ൽ നടത്തിയ കൂടിക്കാഴ്ചയാണ് ആദ്യം ഓർക്കുന്നത്. അന്ന് അദ്ദേഹം എന്നെ വിളിച്ചത് 'പ്രിയപ്പെട്ടവനെന്നും', 'ദീർഘകാലമായി കാത്തിരുന്ന സഹോദരൻ' എന്നുമാണ്. ഊഷ്മളമായ അനുഭവമായിരുന്നു അത്.

വീട്ടിലേതുപോലുള്ള സ്നേഹാശ്ലേഷത്തിന്റെ ഊഷ്മള അനുഭവമായിരുന്നു അത്. ആ വേളയിൽ പാപ്പാ പറഞ്ഞ വാചകങ്ങൾ ഇന്നും മനസ്സിലുണ്ട്: 'ക്രിസ്തുവിന്റെ ശരീരത്തിന്റെ മുറിവുകളെക്കുറിച്ചുള്ള അനുഭവത്തിൽ നിന്ന് വിശുദ്ധ തോമസിന്റെ വിശ്വാസം വേർതിരിക്കാനാകാത്തതായിരുന്നു. ചരിത്രത്തിലുടനീളം ക്രിസ്ത്യാനികളായ നമുക്കിടയിൽ സംഭവിച്ചിട്ടുള്ള വിഭജനങ്ങൾ ക്രിസ്തുവിന്റെ ശരീരമായ സഭയിൽ ഏല്പിച്ച മുറിവുകളാണ്.'

അന്ന്, രണ്ടാം വത്തിക്കാൻ കൗൺസിലോടെ ആരംഭിച്ച സഭാ ഐക്യത്തെക്കുറിച്ചു മാർപാപ്പാ പറഞ്ഞു. പരിശുദ്ധ ബസേലിയോസ് ഔഗേൻ ഒന്നാമനും വിശുദ്ധ പോൾ ആറാമനുമായുള്ള കൂടിക്കാഴ്ചയും പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ഒന്നാമനും വിശുദ്ധ ജോൺ പോൾ രണ്ടാമനുമായുള്ള കൂടിക്കാഴ്ചയും അദ്ദേഹം പരാമർശിച്ചു.

പ. പിതാവിനെ ഓർമയിൽ അനശ്വരനാക്കി നിർത്തുന്നതിന് ഏറ്റവും പ്രധാന കാരണം ക്രൈസ്തവ ഐക്യത്തിനായി അദ്ദേഹം നടത്തിയ സ്നേഹദൗത്യങ്ങളാണ്. എപ്പോഴും അങ്ങനെയൊരു ഐക്യപ്പെടലിന്റെ സന്ദേശവാഹകനായിരുന്നു പാപ്പാ. ഈ വർഷം ഫെബ്രുവരിയിൽ, ക്രൈസ്തവ സഭകളുടെ ഐക്യത്തിനായുള്ള വത്തിക്കാൻ ഡികാസ്റ്ററിയുടെ നേതൃത്വത്തിൽ നടന്ന അഞ്ചാമത് കത്തോലിക്കാ-പൗരസ്ത്യ ഓർത്തഡോക്സ് സഭാ സംഗമത്തെക്കുറിച്ചും ഓർക്കുന്നു. അതിൽ പങ്കുചേരാനെത്തിയവരെ സ്വീകരിക്കവേ മാർപാപ്പാ പ്രധാനമായും പറഞ്ഞത് ഐക്യത്തിന്റെ പ്രാധാന്യത്തെക്കുറിച്ചാണ്.

ക്രിസ്തു അലിവിന്റെ ആൾരൂപമാണ്. മനുഷ്യസ്നേഹം എന്ന വാക്കിന്റെ എക്കാലത്തെയും വലിയ സ്വരൂപവും. ക്രിസ്തു, ജീവിതം കൊണ്ട് പഠിപ്പിച്ച മനുഷ്യപ്പറ്റിന്റെ നീരുറവകൾ സൃഷ്ടിച്ചുകൊണ്ടായിരുന്നു കത്തോലിക്കാ സഭയുടെ നാഥൻ എന്ന നിലയിലുള്ള മാർപാപ്പായുടെ സഞ്ചാരം. മനുഷ്യസ്നേഹിയായ മാർപാപ്പായ്ക്ക് അതുകൊണ്ടുതന്നെ മനസ്സുകളിൽ മരണവുമില്ല.

മനുഷ്യക്കടത്ത് എന്ന ആധുനിക അടിമത്തത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ നിലപാടുകൾ അപരനുവേണ്ടിയുള്ള ആലോചനകളുടെ ഒരു ഉദാഹരണം മാത്രം. മനുഷ്യക്കടത്തിനെ കേവലമായ ലാഭക്കൊതിയുടെ അടയാളമായല്ല മാർപാപ്പാ കണ്ടത്. യുദ്ധവും ക്ഷാമവും മുതൽ കാലാവസ്ഥാ വ്യതിയാനം വരെയുള്ള ആഗോള വ്യാപകമായ പ്രതിഭാസങ്ങളുടെ അനന്തരഫലമായി വിലയിരുത്തിക്കൊണ്ടാണ് അദ്ദേഹം അതിനുള്ള പോംവഴി തേടിയത്.

രോഗബാധിതനായി ആശുപത്രിയിലാകും മുമ്പ് അദ്ദേഹം ഒപ്പുവച്ച ഒരു കത്തിൽ പുരണ്ടതും ഇതേ ആർദ്രത തന്നെ. അഭയാർഥികളുടെയും കുടിയേറ്റക്കാരുടെയും അവകാശസംരക്ഷണത്തിനായുള്ള അമേരിക്കൻ കത്തോലിക്കാ സഭയുടെ ശ്രമങ്ങൾക്കുള്ള പിന്തുണ ഒരു കത്തിലൂടെ അറിയിക്കുകയായിരുന്നു മാർപാപ്പാ. അമേരിക്കയിലെ അഭയാർഥികളെയും അനധികൃത കുടിയേറ്റക്കാരെയും നാടുകടത്താനുള്ള ഭരണകൂടത്തിന്റെ നീക്കത്തെ ചെറുക്കുകയാണ് അവിടത്തെ പ്രാദേശിക സഭാ നേതൃത്വം. അതിനോടു കൈകോർത്തപ്പോൾ മാർപാപ്പാ വിശ്വമാനവികതയുടെ പ്രവാചകൻ കൂടിയായി മാറി.

ക്രൈസ്തവസഭകളുടെ കൈവഴികളിലെ തേജസ്സാർന്ന നേതൃമുഖങ്ങളിലൊന്നാണ് മാർപാപ്പയുടെ വിടവാങ്ങലോടെ അസ്തമിക്കുന്നത്. പക്ഷേ അദ്ദേഹത്തിന്റെ ദർശനങ്ങളുടെ വെളിച്ചം ലോകമെങ്ങും ബാക്കിയാകുക തന്നെ ചെയ്യും.



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

മാനവികതയുടെ പുതുഭാവം

ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ

ലോകചരിത്രത്തിന് തന്നെ അത്ഭുതമായ ഒരു സഭാ നേതാവായിട്ടാണ് പോപ്പ് ഫ്രാൻസിസ് അറിയപ്പെടുന്നത്. നൈതികവും വ്യത്യസ്തവുമായ അദ്ദേഹത്തിന്റെ നിലപാടുകൾ എന്നും ലോകം ആകാംക്ഷയോടെയാണ് നോക്കിയിട്ടുള്ളത്. ജസ്യൂട്ട്, ഈശോസഭയിൽ നിന്നുള്ള ആദ്യത്തെ പോപ്പ് എന്നതിലുപരി അദ്ദേഹത്തിന്റെ മനുഷത്വപരമായ പല ആശയങ്ങളും സഭയിൽ പുതിയ യുഗപ്പിറവിയുടെ പുത്തനുണർവ്വ് പകരുന്നതിന് ഏറെ സഹായിച്ചിട്ടുണ്ട്. ഇതുവരെയുണ്ടായിട്ടുള്ള മറ്റു മാർപാപ്പാമാരിൽ നിന്നും തീർത്തും വ്യത്യസ്തനായിട്ടാണ് അദ്ദേഹത്തിന്റെ വിളിയും നിയോഗവും. ലളിതവും സുന്ദരവുമായ ജീവിതശേലി, എല്ലാവരോടുമുള്ള കരുതൽ, പാവപ്പെട്ടവരോടുള്ള സഹാനുഭൂതി, സമൂഹത്തിൽ പാർശ്വവത്കരിക്കപ്പെട്ടവരെ ചേർത്തുനിർത്തുവാനുള്ള വിശാലമനസ്കത ഇവയെല്ലാം അദ്ദേഹത്തെ ചരിത്രത്തിൽ പ്രമുഖനാക്കുന്നു.

പ്രസംഗത്തിൽ മാത്രമല്ല തന്റെ ജീവിതത്തിലും ലാളിത്യം പിന്തുടരാൻ അദ്ദേഹത്തിന് സാധിച്ചു എന്നത് തന്നെയാണ് അദ്ദേഹത്തിന്റെ ക്രൈസ്തവജീവിതം എവർക്കും കാണിച്ചുതരുന്ന സന്ദേശവും മാതൃകയും. പുതുതായി തിരഞ്ഞെടുക്കപ്പെട്ട മാർപാപ്പ ഫ്രാൻസിസ് എന്ന പേര് സ്വീകരിച്ചപ്പോമ്പോൾ, അദ്ദേഹം ആ കുലീന വിശുദ്ധന്റെ ജീവിതശൈലിയും ആത്മീയതയും സ്വീകരിക്കുകയാണ്: ദാരിദ്ര്യവും ലാളിത്യവും. മാർപ്പാപ്പ എന്ന നിലയിൽ അദ്ദേഹത്തിന്റെ ആദ്യ വാക്കുകൾ ഇതായിരുന്നു, “How I would like a church that is poor and for the poor.” പോപ്പ് ഫ്രാൻസിസ് തനിക്കായി തയ്യാറാക്കിയ പ്രത്യേകം കുപ്പായവും, അരപ്പട്ടയും, ചുവന്ന ഷൂസും എല്ലാം നിരസിച്ച് അദ്ദേഹം തന്റെ ലളിതമായ വെള്ളി കുരിശും കറുത്ത ഷൂസും ധരിച്ചാണ് പുതിയ ഉത്തരവാദിത്വത്തിലേക്ക് കാലെടുത്തുവച്ചത്. വിപ്ലവകരമായ ആശയങ്ങളും സന്ദേശങ്ങളും ആയിരുന്നു ഓരോ ഇടയലേഖനത്തിലുടെയും അദ്ദേഹം ലോകത്തോട് സംവദിച്ചിരുന്നു. പൊതുജീവിതത്തിലുടനീളം, ഫ്രാൻസിസ് പാപ്പാ തന്റെ എളിമ, ദൈവത്തിന്റെ കാരുണ്യത്തിലുള്ള ഊന്നൽ, പോപ്പ് എന്ന നിലയിൽ അന്താരാഷ്ട്ര ദൃശ്യത, ദരിദ്രരോടുള്ള ഉത്കണ്ഠ, മതാന്തര സംവാദത്തോടുള്ള പ്രതിബദ്ധത എന്നിവയാൽ ശ്രദ്ധേയനായിരുന്നു.

2013 സെപ്റ്റംബറിൽ, പൗരസ്ത്യ കാതോലിക്കായും മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ മലങ്കര മെത്രാപ്പോലീത്തായുമായ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ പൗലോസ് ദ്വിതീയൻ ബാവാ, വത്തിക്കാനിൽ ഫ്രാൻസിസ് മാർപ്പാപ്പയെ ഔദ്യോഗികമായി സന്ദർശിച്ചു. പ്രസ്തുത കൂടിക്കാഴ്ച്ചയിൽ പ. ബാവയോടൊപ്പം സംബന്ധിക്കുവാൻ എനിക്കും അവസരം ലഭിച്ചു. 2013 സെപ്റ്റംബർ 5-നു നടന്ന ഈ സുപ്രധാന കൂടിക്കാഴ്ച, ഇരു സഭകളും തമ്മിലുള്ള എക്യുമെനിക്കൽ ബന്ധത്തിലെ ഒരു നാഴികക്കല്ലായി അടയാളപ്പെടുത്തി. യോഗത്തിനിടെ, ഐക്യത്തിന്റെയും സഹകരണത്തിന്റെയും പ്രാധാന്യം പരിശുദ്ധ പിതാക്കന്മാർ ഊന്നിപ്പറഞ്ഞു. വിശുദ്ധ തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിൽ സ്ഥാപിതമായ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ആഴത്തിൽ വേരൂന്നിയ ക്രിസ്തീയ പൈതൃകത്തെ ഫ്രാൻസിസ് മാർപ്പാപ്പ അംഗീകരിച്ചു. പ. കാതോലിക്കാ ബാവായെ കണ്ടുമുട്ടിയതിൽ അദ്ദേഹം സന്തോഷം പ്രകടിപ്പിക്കുകയും തികച്ചും രാജോചിതമായ സ്വീകരണവും യാത്രയയപ്പും അദ്ദേഹം മലങ്കരസഭയ്ക്ക് നൽകുകയും ചെയ്തു. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയും റോമൻ കത്തോലിക്കാ സഭയും തമ്മിലുള്ള ഐക്യം പ്രോത്സാഹിപ്പിക്കുന്നതിനും വിശ്വാസികൾ നേരിടുന്ന പൊതുവായ വെല്ലുവിളികളെ അഭിസംബോധന ചെയ്യുന്നതിനുമുള്ള അവസരമായി തദവസരം പരിണമിച്ചു.

പ. ബാവായെയും ഒപ്പമുണ്ടായിരുന്നവരെയും അന്ന് പ. മാർപാപ്പാ സ്വീകരിച്ചതും തുടർന്നുണ്ടായ അതിഥിസൽക്കാരവും എക്കാലവും മനസ്സിൽ തങ്ങി നിൽക്കതക്കവിധം രാജകീയമായിരുന്നു. കപ്പലോളെ പോയി യാത്രയാക്കുക എന്ന് ബൈബിൾ വചനംപോലെ തന്നെ ഞങ്ങൾ അവിടെനിന്ന് തിരിച്ച് പോരുമ്പോൾ അവസാന നിമിഷം വരെ നിന്ന് യാത്രയയപ്പ് നൽകിയത് മാർപാപ്പായുടെ വിശാലമായ മനസ്സിന്റെയും പരസ്പരസ്നേഹത്തിന്റെയും ഉദാത്തമായ മാതൃകയായണ്.



മലങ്കര ഓർത്തഡോക്സ് സഭാധ്യക്ഷൻ പരിശുദ്ധ ബസേലിയസ് മാർ ത്തോമ്മാ പൗലോസ് രണ്ടാമൻ കാതോലിക്കാ ബാവായെ വത്തിക്കാനിൽ ഫ്രാൻസിസ് മാർപാപ്പാ സ്വീകരിച്ചപ്പോൾ (2013).

സാമൂഹ്യസമത്വത്തിന് ഏറെ പ്രാധാന്യം നൽകിയാണ് അദ്ദേഹത്തിന്റെ ഭരണകാലം. പ്രത്യേകിച്ച് സ്ത്രീകളെ അഭയുന്നതിയിൽ എത്തിക്കുന്നതിന് വേണ്ടുന്ന എല്ലാ ക്രമീകരണങ്ങളും അദ്ദേഹം ചെയ്തു പോന്നു. അവർക്ക് നൽകാൻ കഴിയുന്ന എല്ലാ സ്ഥാനമാനങ്ങളും ഏറ്റവും ഉന്നതമായും ഉചിതമായും നൽകി ആദരിക്കുന്നതിൽ അദ്ദേഹം ഏറെ ശ്രദ്ധിച്ചിരുന്നു. Praedicate Evangelium എന്ന പുതിയ അപ്പോസ്തോലിക നിയമാവലിയിൽ സ്ത്രീകളുടെ ഉന്നതസ്ഥാനങ്ങളിലുള്ള നിയമനങ്ങളെക്കുറിച്ച് വളരെ കൃതമായി മാർപാപ്പ രേഖപ്പെടുത്തുന്നത്. ലോകത്തിന് തന്നെ ഏറെ മാതൃകയാണ്. രസകരമായ പല സാഹചര്യങ്ങളിലും, കുഞ്ഞുങ്ങൾ ജനക്കൂട്ടത്തിനിടയിൽ നിന്ന് പോപ്പിനെ സമീപിക്കുമായിരുന്നു, അവരോട് പോകാൻ ആവശ്യപ്പെടാതെ, യേശുവിനെപ്പോലെ, പോപ്പും പറയുമായിരുന്നു, ‘കുട്ടികളെ എന്റെ അടുക്കൽ വരാൻ അനുവദിക്കൂ.’ തുടർന്ന് അദ്ദേഹം അവരോടൊത്ത് സമയം ചിലവഴിക്കുകയും ചെയ്യുമായിരുന്നു. ഇത്തരത്തിലുള്ള രസകരമായ ദൃശ്യങ്ങൾ സാമൂഹ്യമാധ്യമങ്ങളിൽ പലരും കണ്ടിട്ടുണ്ടാകും.

പുതുതലമുറയോടും വളരെ ക്രിയാത്മകമായി തന്നെയാണ് അദ്ദേഹം പ്രതികരിച്ചിരുന്നത്. പുതിയലോകത്തിൽ വ്യാപരിക്കുന്ന, സാമൂഹ്യമാധ്യമങ്ങളുടെ അതിപ്രസരം, പുതിയ ലിംഗഭേതത്തെ, നവീന അഭിരുചികളെ അത്തരത്തിൽ എല്ലാ മേഖലകളിലും തന്റേതായ വ്യക്തയമായ കാഴ്ച്ചപ്പാട് അദ്ദേഹത്തിന് ഉണ്ടായിരുന്നു. ‘ഇന്റർനെറ്റ് ദൈവത്തിന്റെ സമ്മാനമാണ്’ എന്ന അദ്ദേഹത്തിന്റെ വാക്കുകളുടെ യുവജനം ഏറെ ആഹ്ലാദത്തോടെയാണ് ഏറ്റെടുത്തത്. ഏതാണ്ട് 60 ദശലക്ഷം ഫോളോവേഴ്സ് ആണ് അദ്ദേഹത്തിന് സാമൂഹ്യമാധ്യമങ്ങളിൽ

ലോകമെമ്പാടുമുള്ളത്. അതുവഴി ജനങ്ങൾക്കിടയിൽ സംഭാഷണവും ആശയ വിനിമയവും വളർത്തുന്നതിനുള്ള ഒരു ഉപകരണമാ അദ്ദേഹം അതിനെ മാറ്റുന്നു. കോവിഡ് കാലഘട്ടത്തിൽ സാന്താ മാർട്ടയിലെ ചാപ്പലിൽ നിന്ന് ദിവസവും ലൈവ് സ്ട്രീം ചെയ്ത വിശുദ്ധ കുർബാനയ്ക്ക് അധ്യക്ഷത വഹിച്ചു, ലോകമെമ്പാടുമുള്ള ആളുകൾക്കായി ആളൊഴിഞ്ഞ സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ ഒറ്റയ്ക്ക് നിന്ന് അസാധാരണമായ 'Urbi et Orbi" (ശ്ലൈഹീക വാഴ്വ്) നല്കി.

ഒന്നാം അപ്പോസ്തോലിക ഉദ്ബോധനത്തിൽ അദ്ദേഹം എഴുതി "കേറികിടക്കാൻ വീടില്ലാതെ ഒരു ദരിദ്രൻ തെരുവോരത്ത് കിടന്ന് തണുത്തു മരവിച്ചു മരിക്കുമ്പോൾ അത് വാർത്തയല്ലാതാവുകയും ഓഹരികമ്പോളത്തിൽ ഒരു പോയിന്റ് കൂടുമ്പോൾ അത് വാർത്തയാവുന്നതിലും വലിയ ഹിംസ മറ്റെന്താണ്." പ്രശ്നം സാമ്പത്തികമായി വലുതാണ്. വപക്ഷേ അദ്ദേഹം കണ്ടത് മതധാർമ്മികതയ്ക്ക് എതിരായ, ക്രൈസ്തവമൂല്യത്തിന് എതിരായ വലിയ പ്രശ്നത്തെയാണ്. തുടർന്ന് അദ്ദേഹം പറയുന്ന ഏറെ പ്രശസ്തമായ വാക്യമിങ്ങനെയാണ്, "കൊല്ലരുത് എന്ന് നിങ്ങൾ ലോകത്തോട് മാത്രം പറഞ്ഞാൽ പോരാ വ്യവസ്ഥകളോടും പറയണം". ലോകത്തെ മാറി ചിന്തിക്കാൻ പഠിപ്പിച്ച, ക്രൈസ്തവതയുടെ ധാർമ്മികമൂല്യങ്ങൾ ഉയർത്തിപ്പിടിച്ച ലാളിത്യത്തെ ലോകത്തിന് കാണിച്ചുതന്ന മഹാ ഇടയന് പ്രണാമം.



Va in Pace! (Go in Peace)

Dr. Geevarghese Mar Barnabas

It is with profound grief I heard the demise of His Holiness Francis, the Pope, the Head of the Catholic Church and Vatican City. He was a popular Pontiff with humility and simplicity as his hallmark. He stood for the empowerment of women and youth. He brought about many changes in the church during his tenure. He was a real ecumenist with an open heart to other churches and religions. Our church had a very good relation with Vatican during his Pontificate. I cherish the fond memories of two months spent with the successor of Peter during the 16th Ordinary General Assembly of Catholic Bishops held in 2023- 24, in Vatican.

May God grant him good repose and the light of the Lord be shown upon his face. Glory to God for the good life of this Shepherd.

പഹൽഗാം ഭാരതത്തിന്റെ ഹൃദയത്തിനേറ്റ മുറിവ്

പരിശുദ്ധ കാതോലിക്കാ ബാവ

ജമ്മു കശ്മീരിലെ പഹൽഗാമിൽ നടന്ന ഭീകരാക്രമണം ഞെട്ടിപ്പിക്കുന്നതും ഏറെ വേദനാജനകവുമാണ്. ആക്രമണത്തിൽ കൊല്ലപ്പെട്ട പ്രിയ സഹോദരങ്ങൾക്ക് ആദരാഞ്ജലികൾ. ഉറ്റവരെ നഷ്ടപ്പെട്ടവരുടെ ദുഃഖത്തിൽ പങ്കുചേരുന്നു. പരുക്കേറ്റവർ എത്രയും വേഗം സുഖം പ്രാപിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ദേശ സുരക്ഷയ്ക്ക് വിഘാതം സൃഷ്ടിക്കുന്ന എല്ലാ ഭീകരവാദ പ്രവർത്തനങ്ങളെയും നാം ഒറ്റക്കെട്ടായി എതിർക്കേണ്ടതാണ്. നമ്മുടെ മാതൃരാജ്യത്തിൽ സമാധാനവും പരസ്പര സ്നേഹസഹകരണവും അനുദിനം പുലരുവാൻ ഇടയാകണം. നമ്മുടെ ഒരുമയും മാതൃ രാജ്യത്തോടുള്ള കളങ്കമില്ലാത്ത സ്നേഹവും ഉയർത്തിപ്പിടിക്കേണ്ട സമയമാണിത്. ഇന്ത്യൻ ഭരണകൂടവും നമ്മുടെ അഭിമാനമായ സൈന്യവും ഈ ക്രൂരകൃത്യം നിർവഹിച്ചവരെ കണ്ടുപിടിക്കുകയും രാജ്യത്തെ ഓരോ പൗരനും സുരക്ഷിതത്വം ഉറപ്പാക്കുകയും ചെയ്യും എന്ന് പ്രത്യാശിക്കുന്നു.



വിനയംകൊണ്ട് ഹൃദയംതൊട്ട സ്നേഹം

അഡ്വ. ബിജു ഉമ്മൻ

(മലങ്കരസഭാ അസോസിയേഷൻ സെക്രട്ടറി)

മലങ്കര ഓർത്തഡോക്സ് സഭയുടെ ശുശ്രൂഷകൻ എന്ന നിലയിൽ കൈവന്ന അസുലഭസൗഭാഗ്യമാണ് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പായുമായി കൂടിക്കാഴ്ചയ്ക്കുണ്ടായ അവസരം. 2023 സെപ്റ്റംബറിലാണ് ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ പ്രതിനിധി സംഘത്തിന്റെ ഭാഗമായി വത്തിക്കാൻ സന്ദർശിച്ചത്.

വിനയത്തിന്റെയും സ്നേഹത്തിന്റെയും ആൾരൂപമായ പരിശുദ്ധ പിതാവിന്റെ ലാളിത്യവും നിർമലതയും ഹൃദയത്തെ സ്പർശിച്ചു. ഒരു രാജ്യത്തിന്റെ ഭരണാധികാരിയും ലോകം പ്രഥമ സ്ഥാനം നൽകി ആദരിക്കുന്ന ആത്മീയ നേതാവുമായ ആ പിതാവ് തന്റെ പ്രായവും ശാരീരിക ബലഹീനതകളും മറന്ന് നൽകിയ ആതിഥ്യം കേവലം അതിഥിസത്കാരത്തിന്റെ പെരുമാറ്റ മര്യാദ ആയിരുന്നില്ല. അതായിരുന്നു ആ പിതാവിന്റെ സ്ഥായീഭാവം. എല്ലാവർക്കുമൊപ്പം പൊതു ഭക്ഷണശാലയിൽ സുസ്മേരവദനനും വിനയാന്വിതനുമായി നിന്ന ഫ്രാൻസിസ് മാർപാപ്പയുടെ മുഖത്തു വിളങ്ങിയത് സ്നേഹനിലാവായിരുന്നു. സ്വജീവിതംകൊണ്ട് ദൈവത്തിനും ലോകത്തിനും അർച്ചന സമർപ്പിച്ച ആ പിതാവ് സന്യാസമെന്തെന്ന് ജീവിച്ചു മാതൃക കാട്ടി. സമർപ്പണ ജീവിതത്തിന്റെ സായുജ്യം അനുഭവിച്ച് അതിന്റെ പ്രഭ ലോകത്തിനു നൽകിയ മാർപാപ്പാ എന്റെ ജീവിതാകാശത്തിലും സ്നേഹത്തിന്റെ പ്രകാശം പരത്തി.

ലാളിത്യത്തിന്റെയും സാഹോദര്യത്തിന്റെയും പര്യായമായി ലോക സമാധാനത്തിനും മാനവ സേവനത്തിനും നൽകിയ സംഭാവനകൾ ഇതിഹാസ തുല്യമാണ്. വിപ്ലവകരവും പുരോഗമനപരവുമായ വഴികളിലൂടെ സഞ്ചരിക്കുമ്പോഴും അടിസ്ഥാന പ്രമാണങ്ങളിൽ അടിയുറച്ച ബോധ്യം ധീരതയോടെ പ്രകടിപ്പിച്ച പിതാവ് ഈ പുതുയുഗത്തിൽ നേരിന്റെ പാത തെളിച്ചു. ലാളിത്യം ഫ്രാൻസിസ് മാർപാപ്പായുടെ രചനകളേക്കാൾ വാചാലമായത് ജീവിതത്തിലായിരുന്നു. പിറ്റേന്ന് വത്തിക്കാനിൽ നിന്ന് യാത്രതിരിക്കുന്നതിനു മുമ്പ് ആ പിതാവുമൊത്തൊരു ചിത്രം പകർത്താൻ എനിക്കാഗ്രഹമുണ്ടായി. സ്നേഹത്തോടെ ചാരത്തു നിർത്തിയ ആ പിതാവ് ഏറെനേരം എന്റെ കരം പിടിച്ചു നിന്നു. പക്ഷേ, അതിനും മുമ്പ് ആ പരിശുദ്ധ പിതാവ് എന്റെ ഹൃദയത്തെ സ്പർശിച്ചിരുന്നു.



സവിനയം; സ്നേഹത്തിന്റെ സംവാദങ്ങൾ

ഫാ. ഡോ. കെ. എം. ജോർജ്

വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ ബാൽക്ക ണിയിൽ നിന്ന് പുതിയ മാർപാപ്പാ ഫ്രാൻസിസ് 2013 മാർച്ച് 13-നു നടത്തിയ കന്നി പ്രസംഗത്തിൽ പറഞ്ഞു. “ഞാൻ റോമിന്റെ ബിഷപ്പാണ്.” കേട്ട പലർക്കും മനസ്സിലായില്ല. എന്തിനാണ് അങ്ങനെ അദ്ദേഹം പറഞ്ഞതെന്ന്.

മാർപാപ്പാ റോമിന്റെ ബിഷപ്പാണല്ലോ. സുപ്രധാന വത്തിക്കാൻ രേഖകളിൽ പാപ്പാമാർ ഒപ്പിടുന്നത് സ്വന്തം പേരിന്റെ അടിയിൽ ലത്തീൻ ഭാഷയിൽ ‘എപ്പി സ്കോപ്പൂസ് റൊമാനുസ്’ അഥവാ റോമിന്റെ ബിഷപ്പ് എന്ന് എഴുതിയാണ്. പിന്നെ എന്തിന് അത് ആവർത്തിച്ചു പ്രഖ്യാപി ക്കുന്നു?

എന്നാൽ പൗരസ്ത്യ ഓർത്തഡോക്സ് സഭകൾക്ക് അതിന്റെ വേദശാസ്ത്ര പരവും ചരിത്രപരവുമായ അർഥധ്വനി മനസ്സിലായി. അവരൊക്കെ സന്തോഷി ക്കുകയും മഹാനുഭാവനായ മാർപാപ്പായെ മനസ്സാ സ്വീകരിക്കുകയും ചെയ്തു.

ചില മാർപാപ്പാമാർ ചില സ്ഥാനപ്പേരുകളും പദവികളും പേരിനൊപ്പം സ്വീക രിച്ചത് മുമ്പ് വിവാദങ്ങൾ സൃഷ്ടിച്ചിരുന്നെങ്കിലും ഒരിക്കലും ഫ്രാൻസിസ് മാർ പാപ്പാ അതിലേക്കൊന്നും കടന്നില്ല. എങ്ങനെയാണ് സവിനയം സ്നേഹ ത്തിന്റെ സംവാദവും അടുപ്പവും നിലനിർത്തേണ്ടത് എന്നതിലായിരുന്നു അദ്ദേ ഹത്തിന്റെ ശ്രദ്ധ.

ജസ്വീറ്റ് സന്യാസ സമൂഹത്തിൽ നിന്ന് ആദ്യമായി ഒരു മാർപാപ്പാ തിര ഞ്ഞെടുക്കപ്പെട്ടപ്പോൾ സ്വീകരിച്ചത് 13-ാം നൂറ്റാണ്ടിൽ സകല ജീവജാലങ്ങ ളോടും കരുണ കാണിച്ചു നടന്ന ‘ഭിക്ഷാടകനായ’ അസീസിയിലെ ഫ്രാൻസി സിന്റെ പേരായിരുന്നു.

ബോധപൂർവമായ ഈ പേരുമാറ്റത്തിനു ക്രിസ്തീയ സഭ മാത്രമല്ല, പരി സ്ഥിതിയെക്കുറിച്ചും ഭൂമിയിൽ ജീവന്റെ ഭാവിയെക്കുറിച്ചും ആശങ്കപ്പെടുന്ന സകല മനുഷ്യരും അദ്ദേഹത്തോടു കടപ്പെട്ടിരിക്കുന്നു.

അപ്പോൾ ഞാൻ പറഞ്ഞു, ഇന്ത്യയിൽ പാമ്പുകൾക്കും എലികൾക്കും മറ്റും ഭക്ഷണം കൊടുക്കുന്ന സ്ഥലങ്ങൾ ഉണ്ടെന്ന്. കൊച്ചുകുട്ടികൾ കഥ കേൾക്കുന്ന പോലെ വിടർന്ന കണ്ണുകളുമായി മാർപാപ്പാ ചോദിച്ചു, “അവിടെ വിഷമുള്ള പാമ്പുകൾക്കും തീറ്റ കൊടുക്കുമോ?” “കൊടുക്കും പരിശുദ്ധ പിതാവേ” എന്ന മറുപടി കേട്ടപ്പോൾ അദ്ദേഹം വിസ്മയത്തോടെ ഒരു പത്തു വയസ്സുകാരന്റെ മുഖഭാവവുമായി ഇരുന്നത് ഓർക്കുന്നു.

മൂന്നു തവണ ഫ്രാൻസിസ് മാർപാപ്പായെ നേരിൽ കാണാനും അദ്ദേഹ ത്തിന്റെ പാരിസ്ഥിതിക ചാക്രിക ലേഖനം ‘ലൗദാത്തോ സീ’ പുസ്തകരൂപ ത്തിൽ നേരിട്ട് സ്വീകരിക്കാനും ഭാഗ്യമുണ്ടായി. ഒരു പ്രാവശ്യം മലങ്കര ഓർ ത്തഡോക്സ് സഭയുടെ പരിശുദ്ധ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ യുടെ ഔദ്യോഗിക സന്ദർശനത്തിന്റെ ഭാഗമായി മാർപാപ്പായോടൊപ്പം ഭക്ഷണം കഴിക്കാനും അവസരമുണ്ടായി. അന്ന് ഗൗരവക്കാരനായ പിതാവിനെപ്പോലെ യല്ല, അതീവ സൗഹൃദത്തോടെയാണ് മാർപാപ്പാ സംസാരിച്ചത്. 6 പേരിരുന്ന വട്ടമേശയിലെ സംഭാഷണത്തിനിടയിൽ അസീസിയിലെ ഫ്രാൻസിസിന്റെ പ്രകൃതിസ്നേഹവും വിഷയമായി. മനുഷ്യർക്ക് ഉപദ്രവം ഉണ്ടാക്കുന്ന ജന്തുക്ക ളെപ്പോലും തന്റെ പേരുകാരൻ സ്നേഹിച്ചിരുന്ന കാര്യവും പറഞ്ഞു. അപ്പോൾ ഞാൻ പറഞ്ഞു, ഇന്ത്യയിൽ പാമ്പുകൾക്കും എലികൾക്കും മറ്റും ഭക്ഷണം കൊടുക്കുന്ന സ്ഥലങ്ങൾ ഉണ്ടെന്ന്. കൊച്ചുകുട്ടികൾ കഥ കേൾക്കുന്ന പോലെ വിടർന്ന കണ്ണുകളുമായി മാർപാപ്പാ ചോദിച്ചു, “അവിടെ വിഷമുള്ള പാമ്പുക ൾക്കും തീറ്റ കൊടുക്കുമോ?” “കൊടുക്കും പരിശുദ്ധ പിതാവേ” എന്ന മറുപടി കേട്ടപ്പോൾ അദ്ദേഹം വിസ്മയത്തോടെ ഒരു പത്തു വയസ്സുകാരന്റെ മുഖഭാവവു മായി ഇരുന്നത് ഓർക്കുന്നു. മാർപാപ്പായുടേത് ശൈശവത്തിന്റെയും നിഷ്കളങ്ക തയും അദ്ഭുതവും ആയിരുന്നില്ല, അതിനപ്പുറമുള്ള അറിവിന്റെ നേർമയും സാത്വികമായ മനസ്സിന്റെ വിസ്മയവുമായിരുന്നു.

ലാവണ്യദർശനം



വലിയ ഇടയാ സമാധാനത്തോടെ പോവുക

ഡെറിൻ രാജു

നസറായന്റെ സുവിശേഷത്തെ, അതിന്റെ സാമൂഹിക നിലയെ മുൻനിർത്തി വ്യാഖ്യാനിച്ച റോമിന്റെ പാത്രിയർക്കീസിനു വിട.

തന്റെ ദൗത്യമെന്താണെന്ന് വ്യക്തമായി മനസിലാക്കുകയാണ് ഒരു നേതാവിനു, നേതാവിനു മാത്രമല്ല വിശാലാർഥത്തിൽ ഏതൊരു വ്യക്തിക്കും തന്റെ ഉത്തരവാദിത്തം കൃത്യമായി നിർവഹിക്കുവാൻ സഹായകമാകുക. അത് കൃത്യമായി മനസിലാത്തിയതാണ് ഫ്രാൻസിസ് പാപ്പായുടെ സ്വീകാര്യതയുടെ വലിയ കാരണം. അദ്ദേഹം വലിയ പണ്ഡിതനോ കാനോൻ വിദഗ്ദനോ ആണെന്നു അവകാശപ്പെടാറില്ല. പക്ഷേ ക്രിസ്തു മലമുകളിൽ പറഞ്ഞ ഒന്നുണ്ടല്ലോ, അധികം തൊങ്ങലുകൾ ചേർക്കാതെ അവൻ പറഞ്ഞ ഒരു ഭാഗ്യാവസ്ഥ; "കരുണയുള്ളവർ ഭാഗ്യവാൻമാർ!" അത് അക്ഷരാർഥത്തിൽ നിറവേറ്റിയ വലിയ ഇടയനാണ് വിട വാങ്ങുന്നത്. പത്രോസ് എഴുതിയിട്ടുണ്ടല്ലോ നല്ല മനസാക്ഷിയുള്ളവരായിപ്പിൻ എന്ന്. അതുണ്ടായിരുന്ന ഒരു പിൻഗാമിയാണ് ഇന്ന് ആ പത്രോസിനും സഖാക്കൾക്കും തന്റെ മുൻഗാമികൾക്കുമൊപ്പം ചേർന്നിരിക്കുന്നത്.

തീർച്ചയായും ഇതൊരു വഴിത്തിരിവാണ്; തന്റെ തിരഞ്ഞെടുപ്പ് മുതൽ തന്റെ വഴി വ്യത്യസ്തമെന്ന് അദ്ദേഹം കാണിച്ചു. തിരഞ്ഞെടുപ്പിനു ശേഷം ആദ്യം പാലിയം ധരിക്കാതെ സെന്റ് പീറ്റേഴ്സ് ബസലിക്കായുടെ മട്ടുപ്പാവിൽ നിന്നതു മുതൽ അദ്ദേഹം എടുത്തണിഞ്ഞത് ശുശ്രൂഷയുടെ കുപ്പായമാണ്; അധികാരത്തിന്റെ അങ്കി അല്ല. അതുകൊണ്ട് തന്നെ തന്റെ പിൻഗാമികളുടെ മുമ്പാകെ വലിയൊരു വെല്ലുവിളി ഏൽപ്പിച്ചാണ് അദ്ദേഹം കടന്നു പോയിരിക്കുന്നത്. ഇനി വരുന്ന പിൻഗാമികൾ ഫ്രാൻസിസ് പാപ്പായുമായിട്ടായിരിക്കും താരതമ്യം ചെയ്യുക. അത് ഒരേ സമയം ഒരു വെല്ലുവിളിയാണ്; ഒരു അഭിമാനവുമാണ്. അധികാരത്തിന്റെ മുഖത്ത് നേരെ നിന്ന് ചെയ്യേണ്ടത് നിങ്ങൾ ചെയ്യുന്നില്ലായെന്ന് പറഞ്ഞ സ്നാപക യോഹന്നാനെയാണ് സഭയ്ക്കും ലോകത്തിനും നഷ്ടമായത്.

യാത്ര ആകുന്നതിനു തലേന്നും ഗാസയെപറ്റി ഓർത്ത് വിലപിച്ച മനുഷ്യസ്നേഹിയാണ് നമ്മെ വിട്ടു പോകുന്നത്. മറ്റൊരർഥത്തിൽ സഭയിൽ നിന്ന് നസറായൻ പ്രതീക്ഷിച്ച മനുഷ്യത്വത്തിന്റെ മുഖമാണ് ഇന്ന് ഇല്ലാതായിരിക്കുന്നത്. പുറംമോടികളെക്കാളും തൊങ്ങലുകളെക്കാളും തന്റെ സ്നേഹമതത്തിന്റെ അകക്കാമ്പായി നസറായൻ എന്താണോ കണ്ടത് അത് പാലിക്കാൻ ശ്രമിച്ച ഒരു ക്രിസ്ത്യാനിയെയാണ് ഇന്ന് ലോകത്തിനു ഇല്ലാതായിരിക്കുന്നത്.

Ite in pace, Patriarcha Romae.



സിവിൽ സർവീസ് പരീക്ഷയിൽ 81-ാം റാങ്ക് നേടിയ കുമാരി റീനു അന്ന മാത്യുവിനെ കൊല്ലം മെത്രാസന ഇടയൻ ഡോ. ജോസഫ് മാർ ദീവന്നാസ്യോസ് തിരുമേനി ഭവനത്തിലെത്തി അനുമോദിച്ചു. മഞ്ഞകാല മാർ ശെമവൂൻ ഓർത്തഡോക്ൾസ് ദേവാലയ വികാരി ഫാ. യൂഹാനോൻ ബാബു, കൊല്ലം മെത്രാസന കൗൺസിൽ അംഗം ലാലുമോൻ ബി. എന്നിവർ സമീപം.



Geevarghese Mar Philoxenos visited the Archdiocean Church of our Lady of 'Axion Estin', Melbourne on the invitation of the Greek Orthodox Bishop H.G. Evmenios of Chora to attend the vespers of love service on Pascha (Easter).



Representatives from the Malankara Orthodox Syrian Church - Rev. Fr. Thomas P. John, Rev. Fr. Mathew Thomas, Rev. Fr. Sam Thankachan, Rev. Fr. Vineeth Kurian, Rev. Fr. Liju M. Varghese, and Rev. Fr. Geevarghese Thampan, had the honor of participating in the inaugural Orthodox Christian Week formal reception, held at the Legislative Assembly of Ontario, Queen's Park, on April 22, 2025.



യിഫ്താഹിന്റെ മകൾ

സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)

വിശുദ്ധ വേദപുസ്തകത്തിലെ ഏറ്റവും വേട്ടയാടുന്നതും ശക്തവുമായ വിവരണങ്ങളിൽ ഒന്നാണ് ന്യായാധിപന്മാർ 11:29–40 ൽ കാണപ്പെടുന്ന യിഫ്താഹിന്റെ മകളുടെ ജീവിതം. ഇത് അനുസരണം, ധൈര്യം, ദൈവഭയം, വൈകാരിക ശക്തി, അചഞ്ചലമായ വിശ്വാസം എന്നിവയുടെ ആഴമേറിയ തലങ്ങൾ പങ്കുവയ്ക്കുന്നു. ഇസ്രായേലിലെ ന്യായാധിപനായ യിഫ്താഹ് ദൈവത്തോട് തിടുക്കത്തിൽ ഒരു പ്രതിജ്ഞയെടുക്കുന്നു: 'അമ്മോന്യരുടെ മേൽ വിജയം ലഭിച്ചാൽ, തന്നെ സ്വാഗതം ചെയ്യാൻ തന്റെ വീട്ടിൽ നിന്ന് ആദ്യം വരുന്നതെന്തും അവൻ ഹോമയാഗമായി അർപ്പിക്കും." എന്നാൽ, അദ്ദേഹത്തിന്റെ ഏക മകളാണ് തന്റെ പിതാവ് വിജയിച്ച് തിരിച്ചു വരുമ്പോൾ എതിരേൽക്കാൻ ഓടിച്ചെല്ലുന്നത്.



ചുരുക്കമാണെങ്കിലും, ഇത്രയും ചെറിയ ഒരു തിരുവെഴുത്ത് ഭാഗത്തിൽ അപൂർവ്വമായി മാത്രം ഉൾക്കൊള്ളുന്ന സ്വഭാവ ഗുണങ്ങളുടെ ഉടമയായി യിഫ്താഹിന്റെ മകളെ അവതരിപ്പിക്കുന്നു. പിതാവിന്റെ പ്രതിജ്ഞയോടുള്ള അവളുടെ പ്രതികരണം മത്സരമോ കയ്പ്പോ അല്ല, മറിച്ച് സ്വന്തം ജീവൻ പോലും നഷ്ടപ്പെടുത്തിക്കൊണ്ട് ദൈവഹിതത്തോട് ആഴത്തിൽ പ്രതിജ്ഞാബദ്ധയായ ഒരു വ്യക്തിയെയാണ് പ്രതിഫലിപ്പിക്കുന്നത്.

1 അനുസരണം

യിഫ്താഹിന്റെ മകളുടെ ഏറ്റവും ശ്രദ്ധേയമായ സവിശേഷതകളിലൊന്ന് അവളുടെ അചഞ്ചലമായ അനുസരണമാണ്. പിതാവിന്റെ പ്രതിജ്ഞയെക്കുറിച്ച് കേട്ടപ്പോൾ, അവൾ പ്രതിഷേധിക്കുകയോ വിധിയിൽ നിന്ന് രക്ഷപ്പെടാൻ ശ്രമിക്കുകയോ ചെയ്യുന്നില്ല. പകരം, അവൾ ഗൗരവപൂർവ്വം സ്വീകരിച്ചുകൊണ്ട് മറുപടി നൽകുന്നു, "അപ്പാ, നീ യഹോവയോടു പറഞ്ഞു പോയിട്ടുണ്ടെങ്കിൽ യഹോവ നിനക്കു വേണ്ടി നിന്റെ ശത്രുക്കളായ അമ്മോന്യരോടു പ്രതികാരം നടത്തിയിരിക്കയാൽ നിന്റെ വായിൽനിന്നു പുറപ്പെട്ടതു പോലെ എന്നോടു ചെയ്ക എന്നു പറഞ്ഞു" (ന്യായാധിപന്മാർ 11:36).

അവളുടെ അനുസരണം അന്ധമായ കീഴ്പെടലല്ല, മറിച്ച് ദൈവത്തിന് ചെയ്ത ഒരു നേർച്ചയുടെ ഗൗരവം മനസ്സിലാക്കുന്നതിൽ വേരൂന്നിയ ഒരു ബോധപൂർവമായ തിരഞ്ഞെടുപ്പാണ്. സ്ത്രീകൾക്ക് സ്വാതന്ത്ര്യം കുറവായിരുന്ന ഒരു കാലത്ത്, അവളുടെ വാക്കുകളും പ്രവൃത്തികളും ദൈവീക അധികാരത്തിന്റെ പക്വമായ സ്വീകാര്യതയെ പ്രതിഫലിപ്പിക്കുന്നു. അവൾ തന്റെ പരിമിതമായ പരിധിക്കുള്ളിൽ ശക്തിയും സ്വതന്ത്രതയും പ്രകടിപ്പിക്കുന്നു, പർവതങ്ങളിൽ തന്റെ സുഹൃത്തുക്കളോടൊപ്പം തന്റെ കന്യകാത്വത്തെക്കുറിച്ച് വിലപിക്കാൻ രണ്ട് മാസത്തെ കാലയളവ് മാത്രം അഭ്യർത്ഥിക്കുന്നു. ആചാരപരമായ വിലാപത്തിനായി സമയം തേടുന്ന ഈ പ്രവൃത്തി ആത്മീയ അവബോധത്തെയും ശക്തമായ സ്വത്വബോധത്തെയും കാണിക്കുന്നു. അവളുടെ അനുസരണം സ്വമേധയാ ഉള്ളതാണ്, ദൈവത്തോടുള്ള വിശുദ്ധിയുടെയും സമർപ്പണത്തിന്റെയും പഴയനിയമ രൂപങ്ങളെ പ്രതിഫലിപ്പിക്കുന്ന ഒരുതരം ആത്മത്യാഗത്തെ ഇത് സൂചിപ്പിക്കുന്നു, എന്നിരുന്നാലും അവളുടെ ത്യാഗത്തിന്റെ സന്ദർഭം വളരെയധികം അസ്വസ്ഥത ഉളവാക്കുന്നതാണ്. അവളുടെ അനുസരണം ദൈവിക കൽപ്പനകളെ ചോദ്യം ചെയ്യാനോ ചർച്ച ചെയ്യാനോ ഉള്ള ആധുനിക പ്രവണതയുമായി വിരുദ്ധമാണ്. 1 ശമുവേൽ 15:22–ൽ കാണപ്പെടുന്ന "അനുസരിക്കുന്നത് ത്യാഗത്തേക്കാൾ നല്ലതാണ്" എന്ന തിരുവെഴുത്ത് ആദർശത്തെ അവൾ ഉൾക്കൊള്ളുന്നു.

യിഫ്താഹിന്റെ മകൾ അനുസരണത്തിന്റെ ഏറ്റവും ശ്രേഷ്ഠമായ ഉദാഹരണമാണ്. അവളുടെ അനുസരണം നിർബന്ധം കൊണ്ടല്ല, മറിച്ച് ദൈവത്തോടുള്ള ബഹുമാനവും പിതാവിനോടുള്ള സ്നേഹവും കൊണ്ടാണ്. വ്യക്തിപരമായ ആഗ്രഹങ്ങളെയും സ്വപ്നങ്ങളെയും മറികടക്കുന്നതാണ് അവളുടെ അനുസരണം. ദൈവഹിതത്തോടുള്ള യഥാർത്ഥ കീഴ്പെടലിന് അനുസരണം മാത്രമല്ല, ആന്തരിക സമാധാനവും സ്വീകാര്യതയും ആവശ്യമാണെന്ന് കാണിക്കുന്നു.

2 ധൈര്യവും ദൈവഭയവും

അനുസരണം മാത്രം അവളുടെ പ്രവൃത്തികളുടെ പൂർണ്ണതയെ പ്രതിഫലിപ്പിക്കുന്നില്ല; അവൾ അപാരമായ ധൈര്യവും പ്രകടിപ്പിക്കുന്നു. മരണത്തെക്കുറിച്ചുള്ള ചിന്ത ഏതൊരു വ്യക്തിക്കും, പ്രത്യേകിച്ച് വളരെ ചെറുപ്പവും ജീവിതം നിറഞ്ഞതുമായ ഒരു വ്യക്തിക്ക് ഭയാനകമാണ്. എന്നിരുന്നാലും, യിഫ്താഹിന്റെ മകൾ തന്റെ വിധിയിലേക്ക് ഭയത്തോടെയല്ല, മറിച്ച് അന്തസ്സോടെയാണ് മുന്നോട്ട് പോകുന്നത്. അവളുടെ ധൈര്യം അവളുടെ ദൈവഭയത്തിന്റെ ഫലമാണ്. ദൈവഹിതത്തെ സ്വന്തം ഇഷ്ടത്തിന് മുകളിൽ പ്രതിഷ്ഠിക്കുന്ന ഒരു ഭയഭക്തി അവളിൽ കാണാം.

ബൈബിൾ പദങ്ങളിൽ ദൈവഭയം ഭീകരതയുടെ പര്യായമല്ല, മറിച്ച് ദൈവത്തിന്റെ പരമോന്നത അധികാരത്തോടുള്ള ആഴമായ ബഹുമാനത്തെയും അംഗീകാരത്തെയും പ്രതിഫലിപ്പിക്കുന്നു. സദൃശവാക്യങ്ങൾ 9:10 പറയുന്നു, 'യഹോവ ഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു.' സർവശക്തന് ചെയ്ത ഒരു നേർച്ചയുടെ പവിത്രത തിരിച്ചറിഞ്ഞുകൊണ്ടാണ് യിഫ്താഹിന്റെ മകൾ ഈ ജ്ഞാനം പ്രകടിപ്പിക്കുന്നത്. അനീതിയുടെ ഒരു ഇരയായി അവൾ തന്നെത്തന്നെ വീക്ഷിക്കുന്നില്ല, മറിച്ച് അവളുടെ പിതാവും ദൈവവും തമ്മിലുള്ള ഒരു വിശുദ്ധ ഇടപാടിൽ അവൾ പങ്കാളിയായതായി സ്വയം വിശ്വസിക്കുന്നു.

അവളുടെ ധൈര്യം ഉച്ചത്തിലുള്ളതോ പൊങ്ങച്ചം പറയുന്നതോ അല്ല; അത് നിശബ്ദവും ദൃഢനിശ്ചയവുമാണ്. തന്റെ സഖിമാരുമായി പർവതങ്ങളിൽ തന്റെ കന്യകാത്വത്തെക്കുറിച്ച് വിലപിക്കാൻ രണ്ട് മാസത്തെ സമയം അഭ്യർത്ഥിച്ചുകൊണ്ട്, അവൾ ശക്തിയും ശാന്തതയും പ്രകടിപ്പിക്കുന്നു. പരാതിയോടെയല്ല, മറിച്ച് ശാന്തമായ ഒരു ആത്മാവോടെയാണ് അവൾ തന്റെ മരണത്തെ

നേരിടുന്നത്. ഇത് ദൈവത്തോടുള്ള യഥാർത്ഥ ഭക്തിയിൽ നിന്ന് വരുന്ന ധൈര്യത്തിന്റെ തെളിവാണ്.

3 വൈകാരിക ശക്തി

ബൈബിൾ കഥാപാത്രങ്ങളുടെ വിശകലനത്തിൽ വൈകാരിക ശക്തി പലപ്പോഴും അവഗണിക്കപ്പെടുന്നതാണ്. എന്നിരുന്നാലും അത് യിഫ്താഹിന്റെ മകളുടെ ജീവിതത്തിന്റെ കേന്ദ്രബിന്ദുവാണ്. അത്തരത്തിലൊരു വിധി നേരിടുന്ന ഒരാളിൽ ഉണ്ടാകുന്ന വൈകാരിക സംഘർഷം സങ്കൽപ്പിക്കുവാൻ പ്രയാസമാണ്. എന്നിരുന്നാലും, തന്റെ വിധി ശാന്തതയോടും വ്യക്തതയോടും കൂടി കൈകാര്യം ചെയ്യുന്ന ഒരു കന്യകയെ ആ വിവരണത്തിൽ നമുക്ക് കാണാൻ കഴിയുന്നു.

'തന്റെ കന്യകാത്വത്തിനായി കരയാൻ' കുന്നുകളിലേക്ക് പോകാനുള്ള അവളുടെ അഭ്യർത്ഥന ദുഃഖത്തിന്റെ ആരോഗ്യകരവും സത്യസന്ധവുമായ ഒരു അംഗീകാരത്തെ പ്രതിഫലിപ്പിക്കുന്നു. അവൾ തന്റെ ദുഃഖം നിഷേധിക്കുന്നില്ല; പകരം, അവൾ അതിന് സ്ഥലവും സമയവും നൽകുന്നു. ഇത് വൈകാരിക പക്വതയുടെ ഒരു ഉദാഹരണമാണ് – സ്വീകാര്യതയും ദുഃഖവും ഒരേ ഹൃദയത്തിൽ സൂക്ഷിക്കാൻ കഴിയും.

ഈ ശക്തി അവളുടെ പിതാവിന്റെ പ്രതിജ്ഞയുടെ അനന്തരഫലങ്ങൾ നേരിടാൻ തയ്യാറായി, ദുഃഖസമയത്തിനുശേഷം മടങ്ങിവരാൻ അവളെ അനുവദിക്കുന്നു. അവൾ ഓടിപ്പോകുകയോ ഒളിക്കാൻ ശ്രമിക്കുകയോ ചെയ്യുന്നില്ല. അവളുടെ തിരിച്ചുവരവ് ഒരുപക്ഷേ അവളുടെ ആന്തരിക ശക്തിയുടെ ഏറ്റവും വ്യക്തമായ പ്രകടനമാണ്. വൈകാരികമായ പ്രതിരോധശേഷി, ആത്മീയ ധാരണയുമായി ചേരുമ്പോൾ, ഒരു ശക്തമായ സാക്ഷ്യമായി മാറുന്നു. വൈകാരിക ശക്തി ദുഃഖത്തിന്റെ അഭാവമല്ല, മറിച്ച് കൃപയോടും ലക്ഷ്യബോധത്തോടും കൂടി കുരിശ് വഹിക്കാനുള്ള കഴിവാണെന്ന് യിഫ്താഹിന്റെ മകൾ പഠിപ്പിക്കുന്നു.



Old Friends Reconnect in Brisbane: Syro-Malankara Catholic and Malankara Orthodox Church Leaders Share a Special Moment. Brisbane, Australia – In a heartfelt and memorable reunion, His Excellency Most Rev. Dr. Antony Mar Silvanos, Bishop of the Major Archiepiscopal Curia and Apostolic Visitor to Oceania of the Syro-Malankara Catholic Church, visited Dr. Yuhanon Mar Dioscoros, Assistant Metropolitan of the Asia-Pacific Diocese of the Malankara Orthodox Syrian Church, at St George Indian Orthodox Church in Brisbane.

4 വിശ്വാസവും പൈതൃകവും

യിഫ്താഹിന്റെ മകളുടെ പ്രവൃത്തികളുടെ കാതലായ ഭാഗം അചഞ്ചലമായ വിശ്വാസമാണ്. അവളുടെ പേര് പറഞ്ഞിട്ടില്ലെങ്കിലും, അവളുടെ കഥ ദുരന്തത്തിൽ അവസാനിച്ചാലും, അവളുടെ വിശ്വാസം ഒരു ശാശ്വത പാരമ്പര്യം അവശേഷിപ്പിക്കുന്നു. അവൾ തന്റെ പിതാവിന്റെ നേർച്ചയുടെ ഉടമ്പടിയിലും ദൈവത്തിന്റെ നീതിയിലും വിശ്വസിക്കുന്നു. അവളുടെ യുക്തിക്ക് അതീതമായത് സ്വീകരിക്കാനും ദൈവത്തിന്റെ പരമാധികാരത്തിൽ വിശ്വസിക്കാനും അവളുടെ ദൈവവിശ്വാസത്തിലൂടെ ആഴമായ മനോബലം ഇവൾ നേടിയെടുക്കുന്നു.

വിശുദ്ധ വേദപുസ്തകത്തിൽ അവൾക്ക് ഒരു പ്രതിഫലമോ അദ്ഭുതകരമായ രക്ഷയോ നൽകുന്നില്ലെന്ന് കാണുമ്പോൾ അവളുടെ വിശ്വാസത്തിന്റെ വ്യാപ്തി നമ്മെ ചിന്തിപ്പിക്കുന്നു. എന്നാൽ യിസ്ഹാക്കിനെ അവന്റെ പിതാവായ അബ്രഹാം ബലിയർപ്പിക്കാൻ പോകുമ്പോൾ, ദൈവം അവസാന നിമിഷം ഇടപെട്ട് യിസ്ഹാക്കിന്റെ ജീവൻ രക്ഷിച്ചു. അതിനാൽ അവിടെ, വിശ്വാസത്തിന് പ്രതിഫലം ലഭിച്ചു എന്ന് നമുക്ക് കാണാം. അബ്രഹാം ദൈവത്തിൽ വിശ്വസിച്ചു, ദൈവം തന്നെ യിസ്ഹാക്കിനെ രക്ഷിച്ചു.

എന്നാലിവിടെ രക്ഷിക്കപ്പെടില്ലെന്ന് അറിയാമെങ്കിലും യിഫ്താഹിന്റെ മകൾക്ക് വിശ്വാസമുണ്ട്. പകരം എന്തെങ്കിലും ലഭിക്കുമെന്ന പ്രതീക്ഷയില്ലാതെ അവൾ വിശ്വസിക്കുന്നു. അത് മരണം വരെ ദൈവത്തിലുള്ള ശുദ്ധവും നിരുപാധികവുമായ വിശ്വാസമാണ് (Unconditional Trust in God). അതുകൊണ്ടുതന്നെ ആ വിശ്വാസം അപൂർവവും ശക്തവുമാക്കുന്നു.

അവളുടെ ബഹുമാനാർത്ഥം, 'പിന്നെ ആണ്ടുതോറും യിസ്രായേലിലെ കന്യകമാർ നാലു ദിവസം ഗിലെയാദ്യനായ യിഫ്താഹിന്റെ മകളെ കീർത്തിപ്പാൻ പോകുന്നത് യിസ്രായേലിൽ ഒരു ആചാരമായിത്തീർന്നു' (ന്യായാധിപന്മാർ 11:40). ഇത് കാണിക്കുന്നത് അവളുടെ വിശ്വാസം ഒരു മുഴുവൻ സംസ്കാരത്തെയും അവളുടെ ഭക്തിയെയും ത്യാഗത്തെയും ഓർമ്മിക്കാൻ പ്രേരിപ്പിച്ചു എന്നാണ്. എബ്രായർ 11:1 നമ്മോട് പറയുന്നത്, 'വിശ്വാസം എന്നതോ ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവുമാകുന്നു.' യിഫ്താഹിന്റെ മകളുടെ ജീവിതം ഈ തിരുവചനം ഉൾക്കൊള്ളുന്നതായിരുന്നു. ദൈവത്തിന് പൂർണ്ണമായും നൽകപ്പെട്ട ഒരു ജീവിതത്തിന്റെ നിശബ്ദവും നിലനിൽക്കുന്നതുമായ സാക്ഷിയായി അവൾ മാറുന്നു.

യിഫ്താഹിന്റെ മകളുടെ ജീവിതം വിശുദ്ധ വേദപുസ്തകത്തിൽ പരാമർശിച്ചിരിക്കുന്നത് ചെറുതായിരിക്കാം, പക്ഷേ അതിന്റെ ആഴവും പരപ്പും അഗാധമാണ്. അവളുടെ അനുസരണം, ധൈര്യം, ദൈവഭയം, വൈകാരിക ശക്തി, വിശ്വാസം എന്നിവ ദൈവിക ഉദ്ദേശ്യത്തിന് പൂർണ്ണമായും കീഴടങ്ങിയ ഒരു കന്യകയുടെ ചിത്രം വരച്ചു കാണിക്കുന്നു. അവളുടെ ജീവിതം ചെറുപ്പത്തിൽ തന്നെ അവസാനിച്ചെങ്കിലും, അവളുടെ പാരമ്പര്യം തിരുവെഴുത്തുകളിലൂടെയും ചരിത്രത്തിലൂടെയും യഥാർത്ഥ ഭക്തിയുടെ ഒരു മാതൃകയായി പരിലസിക്കുന്നു.

ജീവിതം അങ്ങേയറ്റം ദുഷ്കരമാകുമ്പോൾ അവൾ യഥാർത്ഥ വിശ്വാസത്തെയും അനുസരണത്തെയും കുറിച്ച് ആഴത്തിൽ ചിന്തിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു എന്നാണ്. കാര്യങ്ങൾ നന്നായി നടക്കുമ്പോൾ വിശ്വസിക്കാൻ എളുപ്പമാണ്. എന്നാൽ നമ്മൾ ആഗ്രഹിക്കുന്ന രീതിയിൽ കാര്യങ്ങൾ നടക്കാതെ വരുമ്പോഴും പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കാത്തപ്പോഴും ജീവിതം വേദനാജനകമാണെന്ന് തോന്നുമ്പോഴും, ദൈവം നല്ലവനാണെന്ന് വിശ്വസിക്കുമ്പോഴാണ് യഥാർത്ഥ വിശ്വാസം പ്രകടമാകുന്നത്. ദൈവത്തോടുള്ള യഥാർത്ഥ അനുസരണം എന്നത് സൗകര്യപ്രദമാകുമ്പോൾ അവനെ പിന്തുടരുക മാത്രമല്ല, നാം വിലമതിക്കുന്ന കാര്യങ്ങളായ ആശ്വാസം, ബന്ധങ്ങൾ, പ്രശസ്തി, പണം, ആഗ്രഹങ്ങൾ എന്നിവ പോലും അനുസരണം ആവശ്യപ്പെടുന്നുണ്ടെങ്കിൽ നഷ്ടപ്പെടുത്താൻ തയ്യാറാകുക എന്നാണ് ഇതിനർത്ഥം.

ജീവിതത്തിന് ഭയാനകവും സങ്കൽപ്പിക്കാനാവാത്തതുമായ സാഹചര്യങ്ങളായ ദുഃഖം, നഷ്ടം, വിശ്വാസവഞ്ചന, ദുരന്തം എന്നിവ കൊണ്ടുവരാൻ കഴിയും. അതിനുള്ളിൽ ശക്തമായി നിലകൊള്ളാൻ അവൾ നമ്മെ വെല്ലുവിളിക്കുന്നു. വിശ്വാസം പലപ്പോഴും പ്രതിഫലവുമായി ബന്ധപ്പെട്ടിരിക്കുന്ന ഒരു ലോകത്ത്, മരണംവരെ അചഞ്ചലമായ പ്രതിബദ്ധതയിലാണ് യഥാർത്ഥ വിശ്വാസം കാണപ്പെടുന്നതെന്ന് യിഫ്താഹിന്റെ മകൾ നമ്മെ ഓർമ്മിപ്പിക്കുന്നു.

❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH
MY LORD AND MY GOD

വചനതീർത്ഥം



പുതുഞായറാഴ്ച

(വി. യോഹന്നാൻ 20:19-29)

ഫാ. മോൻസി ഫിലിപ്പ്

ഉത്ഥാനപ്പെരുന്നാളിനു ശേഷം വരുന്ന ആദ്യഞായർ. പുതുഞായർ, കർത്താവ് തന്റെ പ്രിയ ശിഷ്യന്മാർക്ക് ഉയിർപ്പിന് ശേഷം ആദ്യമായി പ്രത്യക്ഷപ്പെടുന്ന അനുഭവം. ഭയചികിതരായവരുടെ അടുത്ത് സമാധാനവുമായി എത്തുന്ന ഉത്ഥിതനായ ക്രിസ്തു. ക്രിസ്തുവിന്റെ സ്നേഹത്തിനും സമാധാനത്തിനും പ്രതിബന്ധങ്ങൾ തടസ്സമല്ലെന്ന് കാട്ടുന്ന വായനകൾ.

ഇന്നത്തെ വേദഭാഗം

വി. യോഹന്നാൻ 20:19-29

ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ ശിഷ്യന്മാർ ഇരുന്ന സ്ഥലത്തു യഹൂദന്മാരെ ഭയന്നു വാതിൽ അടച്ചിരിക്കെ യേശു വന്നു നടുവിൽ നിന്നുകൊണ്ട് അവരോട് സമാധാനം ആശംസിക്കുകയും, അവന്റെ കയ്യും വിലാപുറത്തും ശിഷ്യരെ കാണിക്കുന്ന ക്രിസ്തു. അവർക്ക് സന്തോഷം, വീണ്ടും സമാധാനം നൽകി അവരുടെ മേത് ഊതി പരിശുദ്ധാത്മാവിനെ നൽകി, തുടർന്ന് പാപമോചന അധികാരം കൂടി നൽകി. തോമാശ്ലീഹാ ആ സമയം അവരോടൊപ്പം ഉണ്ടായിരുന്നില്ല. ഈ സംഭവം മറ്റുള്ളവർ പറഞ്ഞപ്പോൾ തോമാശ്ലീഹായുടെ മറുപടി

“ഞാൻ അവന്റെ കൈകളിൽ ആണിപ്പഴുതു കാണുകയും ആണിപ്പഴുതിൽ വിരൽ ഇടുകയും അവന്റെ വിലാപ്പുറത്തു കൈ ഇടുകയും ചെയ്തിട്ടല്ലാതെ വിശ്വസിക്കുകയില്ല.” വി. യോഹ. 20:25.

എട്ടു ദിവസം കഴിഞ്ഞ് ക്രിസ്തു വീണ്ടും ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടു. തോമാശ്ലീഹ ഉണ്ടായിരുന്നു. സമാധാനം ആശംസിച്ചു തോമസിനോടുള്ള ആഹ്വാനം. തോമസ് ഉറക്കെ പ്രഖ്യാപിച്ചു. “എന്റെ കർത്താവും എന്റെ ദൈവവുമേ” ഇതാണ് വേദഭാഗം ഇതിവൃത്തം.

വേദഭാഗചിന്തകൾ

സമാധാനത്തിന്റെ പുതിയ ദൂത്

“നിങ്ങൾക്ക് സമാധാനം” എന്ന് ഈ വേദഭാഗത്ത് രണ്ട് അവസരങ്ങളിൽ മൂന്ന് തവണ കാണുവാൻ സാധിക്കുന്നു. ക്രിസ്തുവിന്റെ തകർച്ച ലോകത്തിന്റെ മുറിവുകളെ സൗഖ്യമാക്കുവാൻ പര്യാപ്തമായിരുന്നു.

‘അവന്റെ അടിപ്പിണരുകളാൽ നമുക്ക് സൗഖ്യം വന്നിരിക്കുന്നു.” (യെശ. 53:5)

സമാധാനത്തിന്റെ പുതിയ ദൂത് ശിഷ്യന്മാർക്കും ലോകത്തിനും ലഭ്യമായി. അസമാധാനമുള്ള ഈ ലോകത്തിൽ കർത്താവിൽ ആശ്രയിക്കുന്നവർക്ക് സമാധാനം ഉണ്ട്. നമ്മുടെ യേശുതമ്പുരാൻ നമ്മുടെ സമാധാനമാണ്.

“എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തന്നേച്ചു പോകുന്നു” (വി. യോഹ. 14:2).

കഷ്ടാനുഭവത്തിനു മുമ്പുള്ള യേശുവിന്റെ പ്രഖ്യാപനം ഇവിടെ ആവർത്തിക്കപ്പെടുന്നു. ശിഷ്യരെ ആശ്വസിപ്പിക്കുന്നു. കതകടച്ചിരുന്ന ശിഷ്യന്മാർ സമാധാനം ലഭിച്ചതിലൂടെ സന്തോഷവും പുതിയ ദൗത്യവും ലഭിച്ചവരായി.

കതകടച്ചിരുന്ന ശിഷ്യരെപ്പോലെ നൂമും പുറമേയുള്ള പലതും ഭദ്രമാക്കിയതുകൊണ്ട് സമാധാനം ലഭിക്കയില്ല. ഇന്ന് നാം പുറമേയുള്ള പലതും, പണം, ആരോഗ്യം, സ്ഥനമാനം തുടങ്ങിയവ ഭദ്രമാക്കി സമാധാനം അന്വേഷിക്കുന്നു. ഉയിർത്തെഴുന്നേറ്റ ദൈവത്തിന്റെ സാന്നിദ്ധ്യവുമാണ് യഥാർത്ഥ സമാധാനം.

കർത്താവിനെ സംബന്ധിക്കുന്ന ഏതു കാര്യത്തിലും സമാധാനത്തിന്റെ ദാനം ദർശിക്കാം.

ക്രിസ്തുവിൽ സന്തോഷം കണ്ടെത്തുന്ന പുത്തൻ അനുഭവം നമുക്കും അനിവാര്യമല്ലേ. ഇന്നും ചിലതിനെയൊക്കെ ഭയത്തോടെ കണ്ട് നന്മയെ തിന്മയാക്കി ഇങ്ങനെ ജീവിച്ചിട്ട് എന്തു പ്രയോജനം. ക്രിസ്തു എനിക്കുവേണ്ടി മരിച്ചു, ഉയിർത്തു സമാധാനം വീണ്ടും നൽകുന്നു എന്നും ഉൾബോധ്യത്തോടെ ഉള്ള ജീവിതം സന്തോഷം അല്ലാതെ മറ്റെന്താണ്.

1. ജനനത്തെക്കുറിച്ച് മാതാവിനോടറിയിച്ചപ്പോൾ
2. ജനനസമയത്ത് ആട്ടിടയന്മാരോട്
3. ഉയിർപ്പിന് ശേഷം ശിഷ്യന്മാരോട്

ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ കണ്ട്, അവന്റെ കയ്യും വിലാപ്പുറവും കണ്ട ശിഷ്യന്മാരുടെ സന്തോഷം. അത് ഏറ്റവും പ്രധാനമാണ്. ക്രിസ്തുവില്ലാത്ത എന്തും ശോകവും മൂകവുമാണ്. ക്രിസ്തുവിൽ സന്തോഷം കണ്ടെത്തുന്ന പുത്തൻ അനുഭവം നമുക്കും അനിവാര്യമല്ലേ. ഇന്നും ചിലതിനെയൊക്കെ ഭയത്തോടെ കണ്ട് നന്മയെ തിന്മയാക്കി ഇങ്ങനെ ജീവിച്ചിട്ട് എന്തു പ്രയോജനം. ക്രിസ്തു എനിക്കുവേണ്ടി മരിച്ചു, ഉയിർത്തു സമാധാനം വീണ്ടും നൽകുന്നു എന്നും ഉൾബോധ്യത്തോടെ ഉള്ള ജീവിതം സന്തോഷം അല്ലാതെ മറ്റെന്താണ്.

ധാന്യവും വീഞ്ഞും വർദ്ധിച്ചപ്പോൾ അവർക്കുണ്ടായതിലും അധികം സന്തോഷം നീ എന്റെ ഹൃദയത്തിൽ നൽകിയിരിക്കുന്നു. ഞാൻ സമാധാനത്തോടെ കിടന്നുറങ്ങും. നീയല്ലോ യഹോവേ എന്നെ നിർഭയം വസിക്കുമാറാക്കുന്നത് (സങ്കീ. 4:7,8).

ക്രിസ്തു സമാധാനത്തിന്റെ പ്രത്യേകതകൾ

1. സന്തോഷം പ്രദാനം ചെയ്യുന്ന സമാധാനം -

വി. യോഹന്നാൻ 20:19 അവസാനഭാഗം

“നിങ്ങൾക്കു സമാധാനം”

ഇതു പറഞ്ഞിട്ട് അവൻ കയ്യും വിലാപുറവും അവരെ കാണിച്ചു. കർത്താവിനെ കണ്ടിട്ട് ശിഷ്യന്മാർ സന്തോഷിച്ചു.

എല്ലാ പ്രതീക്ഷകളും നഷ്ടപ്പെട്ട ഇടങ്ങളിൽ ആണ് ക്രിസ്തു സാന്നിദ്ധ്യം സന്തോഷമാകുന്നത്. ശിഷ്യന്മാർ യഹൂദന്മാരെ ഭയപ്പെട്ട് വാതിൽ അടച്ച് അകത്തിരിക്കുമ്പോൾ ക്രിസ്തു അവരുടെ അടുക്കൽ എത്തുന്നത്.

“അടയ്ക്കപ്പെട്ട വാതിൽ തുറക്കപ്പെടാതെ കർത്താവ് അകത്ത് പ്രവേശിച്ചതിൽ നിന്നും ഉയർപ്പിൽ കർത്താവു ധരിച്ച മഹത്വശരീരത്തിന് സ്ഥലകാല പ്രതിബന്ധമില്ല എന്ന് സ്പഷ്ടമാകുന്നു.

ചില വാതിലുകൾ അടയുമ്പോഴും നമ്മുടെ മുമ്പിൽ അടയ്ക്കപ്പെടുമ്പോഴും ക്രിസ്തു കൂടെയുണ്ടെന്ന് മനസ്സിലാക്കുവാൻ കഴിയണം. കയ്യും വിലാപുറവും അവൻ കാട്ടിത്തരുമ്പോൾ യഥാർത്ഥ ക്രിസ്തു നമുക്കുവേണ്ടി ജീവൻ കൊടുത്തവൻ ഇവൻ തന്നെ ഭയന്ന് വിശ്വസിക്കണം. അതിലൂടെ നിത്യസന്തോഷം കണ്ടെത്തുവാൻ സാധിക്കും. അതിനായി ക്രിസ്തുവിന്റെ ആശ്രയമുള്ള ജീവിതം ക്രമീകരിക്കാം.

2. പുതുദൗത്യം നൽകുന്ന സമാധാനം

വി. യോഹ. 20:21-22

“നിങ്ങൾക്കു സമാധാനം”

പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു എന്നു പറഞ്ഞുകൊണ്ട് അവരുടെമേൽ ഊതി പരിശുദ്ധാത്മാവിനെ നൽകി പാപമോചനത്തിലുള്ള അധികാരം നൽകി.

പുതിയ ദൗത്യം.

1. പാപം മോചനം നൽകാൻ
2. പിതാവിനെ അറിയുവാൻ
3. ദൈവരാജ്യം പഠിപ്പിക്കുവാൻ

ഇതിനായി ഉത്ഥിതന്റെ സമാധാനം ആവശ്യം. അതിനാൽ ക്രിസ്തുവിന്റെ സമാധാനം പുതിയ ഉടമ്പടിയുടെ പ്രതീകമാണ്.

എനിക്കും നിങ്ങൾക്കും ഉള്ള ക്രിസ്തീയ ദൗത്യവും ഇതുതന്നെയാണ്. ക്രിസ്തുവിനെ സാക്ഷിക്കുന്ന യഥാർത്ഥ ക്രിസ്തീയ ജീവിതം. “ക്രിസ്തു ഇന്നും ആഗ്രഹിക്കുന്നു നാം അതു നിഷേധിക്കുന്നു.”

ഉത്തരവാദിത്വങ്ങളിൽ നിന്ന് ഒളിച്ചോടുവാനാണ് മനുഷ്യന് ഇഷ്ടം. എന്നാൽ ക്രിസ്തു ആഗ്രഹിക്കുന്ന തലത്തിൽ എത്തുവാൻ ജീവിതത്തിൽ കഷ്ടതയുടെ പാഠങ്ങൾ ഉണ്ടാകും. ആ പരീക്ഷ ജയിച്ചാൽ പിന്നെ വൻകഷ്ടതകൾ പോലും നിസ്സാരമായി മാറും. ഇനിയെങ്കിലും ക്രിസ്തുവിന്റെ സമാധാനം പുതിയ ജീവിതത്തിലേക്ക് വിളിക്കുന്നു എന്ന ബോധ്യം ഉള്ളിൽ പിറക്കേണ്ടേ? വേണം. അവന് എന്നെക്കൊണ്ട് എന്തൊക്കെയോ ആവശ്യമുണ്ട്. ഒരുങ്ങാം.

3. വിശ്വാസം ഉറപ്പിക്കുന്ന സമാധാനം

വി. യോഹ. 20:26-29

ആദ്യ രണ്ടു സമാധാനം നൽകുമ്പോഴും അവിടെയില്ലാതിരുന്ന തോമസ് മൂന്നാമത്തെ സമാധാനത്തിന്റെ സമയം അവിടെയുണ്ട്. ശിഷ്യന്മാർ തോമസിനോട് പറഞ്ഞു ഞങ്ങൾ ക്രിസ്തുവിനെ കണ്ടു. അവന് അത്ര വിശ്വാസം പോരാ. എന്നാൽ മൂന്നാമത്തെ വരവ് തോമസിന്റെ ജീവിതം മാറ്റിമറിച്ചു. അവന്റെ പ്രഖ്യാപനം.

“എന്റെ കർത്താവും എന്റെ ദൈവവുമേ”

ഇതിൽപരം എന്തു വിശ്വാസമാണ് വേണ്ടത്. എന്റെ കർത്താവും എന്റെ ദൈവവും എന്ന ചിന്തതന്നെ “ഞാൻ അവനിലും അവൻ എന്നിലും” എന്നു തന്നെ അല്ലേ. ‘എന്റെ’ എന്ന് ഒരു അവകാശം തന്നെയല്ലേ. അതേ, പരി. തോമാശ്ലീഹായാൽ സ്ഥാപിതമായ നമ്മുടെ സഭയുടെ വിശ്വാസപ്രഖ്യാപനം നമ്മുടെ പൈതൃകം തന്നെയാണ് അത് വായ് കൊണ്ട് ഉച്ചരിക്കുമ്പോഴും ഉള്ളിൽ തീ ആയി ജ്വലിക്കണം.

ഉത്ഥിതനായ ക്രിസ്തു എന്റേതാണ്, നമ്മുടെയാണ്, ഞങ്ങളുടെയാണ് എന്ന പ്രഖ്യാപനം നമുക്കും നടത്താം. ക്രിസ്തുവിന്റെ സമാധാനം നമ്മുടെ വിശ്വാസം ഉറപ്പിക്കുന്നതും ദൃഢമാക്കുന്നതുമാകട്ടെ,

“അവനോടുകൂടെ മരിക്കേണ്ടതിനു നമുക്കും പോകാം.” വി. യോഹ. 11:16

❑



കോട്ടയം പഴയ സെമിനാരിയിൽ ഉയിർപ്പ് പെരുന്നാൾ ശുശ്രൂഷകൾ കുറിയാക്കോസ് മാർ ക്ലീമ്മിസ് വലിയ മെത്രാപ്പോലീത്തായുടെയും എബ്രഹാം മാർ സ്തേഫാനോസ് മെത്രാപ്പോലീത്തായുടെയും കാർമികത്വത്തിൽ നടന്നു.



നല്ലില സെന്റ് ഗബ്രിയേൽ സൂബോറോ ഓർത്തഡോക്സ് വലിയപള്ളിയിൽ നടന്ന ഉയിർപ്പ് പെരുന്നാൾ ശുശ്രൂഷയ്ക്ക് കൊല്ലം ഭദ്രാസന ഇടയൻ ഡോ. ജോസഫ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ പ്രധാന കാർമ്മികത്വം വഹിച്ചു.



ഫിലാഡൽഫിയ സെന്റ് തോമസ് ഇന്ത്യൻ ഓർത്തഡോക്സ് ഇടവകയിലെ ഉയിർപ്പ് പെരുന്നാൾ ശുശ്രൂഷകൾക്ക് യൂഹാനോൻ മാർ പോളികാർപ്പോസ് മുഖ്യകാർമ്മികത്വം വഹിച്ചു.



കുഴിമറ്റം ബഥനി ആശ്രമത്തിൽ മാത്യൂസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്താ ഉയിർപ്പ് ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

New Sunday (Sunday after Kymtho)

Dn. Aaron Joshua John



New Sunday, the first Sunday after Easter, is a celebration of renewal and the living presence of Christ among His people. It is also known as the Sunday of the Youth, symbolizing fresh beginnings and the calling of the next generation to carry forward the message of the Resurrection. The Gospel reading from St. John 20:19-31 recounts Jesus' appearance to His disciples, where He greets them with peace and reassures Thomas, dispelling doubt with the tangible reality of His wounds. This day invites us to reflect on the transformative power of faith and the commission to live as witnesses to the Risen Lord.

"Christ is risen, and you, O death, are annihilated! Christ is risen, and the evil ones are cast down! Christ is risen, and the angels rejoice!" — St. John Chrysostom


1. The Gift of Peace and the Mission of the Disciples

When Jesus appeared to His disciples, His first words were, "Peace be with you" (John 20:19). This peace is not merely the absence of conflict but the fullness of divine presence. The disciples, who were fearful and hiding, were transformed by this encounter. The Risen Christ breathed on them, saying, "Receive the Holy Spirit" (John 20:22), echoing the creation narrative where God breathed life into Adam (Genesis 2:7). This signifies the beginning of a new creation, where humanity is restored and reconciled with God through Christ's victory over death. The disciples are sent forth, just as the Father sent Jesus into the world. This apostolic mission extends to every believer. For the youth, this is a reminder that they are called to be living witnesses of Christ's love and forgiveness. "Let no one despise your youth, but be an example to the believers in word, in conduct, in love, in spirit, in faith, in purity" 1 Timothy 4:12. The Church calls her young members to embrace their faith with boldness and to become vessels of God's peace in a world longing for hope.

2. From Doubt to Faith: The Story of Thomas

Thomas' doubt is not a sign of weakness but a reflection of humanity's struggle to grasp divine mysteries. His scepticism dissolves when he encounters the wounds of Christ, leading him to proclaim, "My Lord and my God!" (John 20:28). This confession is the climax of the Gospel, affirming the full divinity of Christ. The patience of Jesus with Thomas shows the compassionate heart of God, who meets us in our doubts and gently leads us to faith. For the youth, this narrative is particularly powerful. It acknowledges their questions and uncertainties but assures them that seeking truth with sincerity will lead to a deeper encounter with Christ.

"Doubt is conquered not by reason, but by faith; and faith is strengthened by love" St. Augustine. In a world where many young people wrestle with doubt and disillusionment, the Church must be a sanctuary where questions are welcomed, and the wounded Christ is revealed as the source of ultimate healing.




New Sunday reminds us that the Resurrection is not just an event but an ongoing reality that shapes our lives. As the disciples moved from fear to courage and Thomas from doubt to belief, we too are called to journey towards deeper faith. The youth of the Church are not just its future but its vibrant present, called to radiate the light of Christ and to build His kingdom with love and conviction. Let this day be a renewal of our baptismal calling. May we, like Thomas, declare Christ as our Lord and our God, carrying the joy of the Resurrection into every aspect of our lives. "If Christ has not risen, our preaching is empty and your faith is also empty. But now Christ is risen from the dead!" 1 Corinthians 15:14, 20

May the peace of the Risen Christ fill our hearts, and may His victory inspire us to live with unwavering faith and boundless love. ❑

മറുപുറം

ലഹരിയാണ്..! ആ ചിരി...

ഫാ. അനീഷ് ബാബു



ഒറ്റപ്പെട്ടുപോയ ദിവസങ്ങൾ ഒരിക്കലും മറക്കാൻ കഴിയാത്ത ഓർമ്മകളാകും. അതുകൊണ്ടാവാം

ക്രിസ്തുവിന്റെ സഹനവഴികളെ എല്ലാകാലത്തെയും ആത്മീയ ഓർമ്മകളിൽ ജീവിക്കുന്ന രീതിയിൽ ആരാധനാപൂർവ്വം ഓർക്കുന്നത്. ഗുരു ഒറ്റപ്പെട്ട ദിനങ്ങൾ, തന്റെ ശിഷ്യന്മാർ ഓടി മാറിയ ദിനങ്ങൾ അതുകൊണ്ടാവാം ഇക്കാലം അത്രയും തന്റെ അനുയായികൾ ഭൂമിയെയും സ്വർഗ്ഗത്തെയും കൂട്ടിക്കെട്ടി ആരാധന യാപത്താലും ധൂപത്താലും ഓർക്കുന്നത്. ചിതറിയവരെ വിളിച്ചുകൂട്ടി ഒരു പറയാൻ ശ്രമിക്കുന്നത് ഒരു വാക്ക് മാത്രമാണ്...

സമാധാനം...

നിങ്ങൾക്ക് സമാധാനം...

സമാധാനത്തെ കുറിച്ചുള്ള എക്കാലത്തെയും മനുഷ്യന്റെ കണ്ടെത്തൽ സ്വകാര്യഭൂമിയിൽ ആരുടെയും സമ്മർദ്ദങ്ങൾ ഇല്ലാതെ ജീവിച്ചു പോകുന്നതാണ്. ഈ സമാധാനം അങ്ങനെയല്ല ഇതൊരു പുറപ്പാടാണ്. പഴയ ലോകത്തിൽ തങ്ങളുടെ ഗുരുവിനെ പ്രതി ജീവൻ പങ്കിടുവാനുള്ള പുറപ്പാട്. ഗുരുവിന്റെ ക്രൂശീകരണ ദിവസം തങ്ങളുടെ ജീവനെ പ്രതി ചിതറി ഓടിയെങ്കിൽ ഇനി അങ്ങനെയല്ല പഴയ ലോകത്തിൽ പുതിയ മനുഷ്യരാണ്...

ജീവൻ പങ്കിടുന്ന പുതിയ മനുഷ്യൻ...

മനുഷ്യരെല്ലാം സാമൂഹ്യജീവികളായി ജീവിക്കുന്നു എന്ന ധാരണയാണ് പൊതുവേയുള്ളത്. മാനസികമായി ഒറ്റപ്പെട്ടുപോയ മനുഷ്യരെ നാം ഏത് ഗണത്തിൽ പെടുത്തും. മനുഷ്യൻ സാമൂഹികജീവി എന്ന പൊതുനിർവചനം ഇവിടെ അർത്ഥമില്ലാതെ പോകുന്നു. ക്രിസ്തുസഭയുടെ ആദ്യ കാലഘട്ടം റോമൻ ആധിപത്യ സമൂഹത്തിൽ പൊതുജീവിതത്തിൽ നിന്ന് ഒറ്റപ്പെട്ടു ജീവിച്ച മനുഷ്യരുടെ ചരിത്രമാണെന്ന് ചിലപ്പോഴൊക്കെ തോന്നും. ക്രിസ്തുവിന്റെ മരണവും ഉയർത്തെഴുന്നേൽപ്പും ആദിമ ക്രൈസ്തവ സമൂഹത്തിൽ സൃഷ്ടിച്ച ആത്മീയവും കർമ്മപരവുമായ വ്യത്യസ്തതകൾ ഉണ്ടായിരുന്നു. അത് റോമൻ കൊളോണിയൽ ആധിപത്യത്തിന്റെ സാമൂഹ്യ വ്യവസ്ഥകളെ ചെറുത്തു തോൽപ്പിക്കുന്ന ധാർമിക സ്വഭാവമായിരുന്നു. പാലസ്തീനിലെ കാർഷിക സമൂഹത്തിൽ രൂപപ്പെട്ടുവന്ന ക്രിസ്തീയ മുന്നേറ്റം ജാതിക്കും മതത്തിനും വർഗ്ഗത്തിനും ലിംഗത്തിനും വർണത്തിനും ഒക്കെ അതീതമായി മുന്നേറുന്ന കാഴ്ചയാണ് ആദിമ സഭയുടേത്. റോമൻ ഭരണകൂടത്തിന് മുന്നേറ്റത്തെ ആദ്യ കാലഘട്ടങ്ങളിൽ എത്ര വ്യക്തമായി തിരിച്ചറിയാൻ കഴിയുന്നില്ല. ഇത് ജൂതമതത്തിന്റെ ഭാഗമാണ് എന്ന ധാരണയായിരുന്നു ഭരണകൂടത്തിനുണ്ടായിരുന്നത്. യേശുവിന്റെ പുനരുത്ഥാനനത്തിനുശേഷം

അവർ പുനരുത്ഥാന ജീവിതശൈലിയാണ് ജീവിതത്തിൽ രൂപപ്പെടുത്തുന്നത്.

പുനരുത്ഥാന ജീവിതശൈലി അവയവങ്ങളെ മരിപ്പിക്കുന്ന ശൈലിയാണ്. ദുർന്നടപ്പ്, അശുദ്ധി, അതിരാഗം, ദുർമോഹം, വിഗ്രഹാരാധനയായ അത്യാഗ്രഹം ഈ വക കാര്യങ്ങൾ മനുഷ്യ ആളത്വത്തിൽ സജീവമായാൽ, അവ സ്വർഗ്ഗീയ വിളിയോടുള്ള അനുസരണക്കേടാണ്. അവ കൊണ്ടുവരുന്നതു ദൈവകോപമാണ്.

പുനരുത്ഥാന പുതുജീവനിൽ പ്രവേശിക്കുന്നതിനു മുമ്പ് അത്തരം ജീവിതശൈലിയാണു വിശ്വാസികളിൽ പലരിലും ഉണ്ടായിരുന്നത്. എന്നാൽ അവർ

യേശുവിന് അധികാരവും മഹത്വവും കരേറ്റുന്ന ജീവിതങ്ങൾ ദുഷിതഭാവങ്ങളെ ഇല്ലാതാക്കാൻ മനഃപൂർവ്വം ശ്രമിച്ചു. മരിപ്പിക്കുന്നതാണു ജീവൻ പ്രാപിക്കുന്ന തിന്റെ അടിസ്ഥാനം ആദിമസഭ സ്വയം തിരിച്ചറിഞ്ഞു.

സഹനങ്ങളെ കണ്ട കണ്ടവരെല്ലാം ഉയർപ്പും അനുഭവിച്ചു. ഞാൻ ചിന്തിക്കുന്നത് പിന്നീട് ഉയർപ്പ് അനുഭവിച്ചവരുടെ മുഖങ്ങളിൽ ഒരിക്കലും തോറ്റു പോകാത്ത ഒരു ചിരി ഉണ്ടായിരുന്നു.

അവരുടെ ചിരി കണ്ടിട്ടുണ്ടോ..?

അത് വെറുമൊരു ചിരിയല്ല..

ഉള്ളില് പുകയുന്ന ചിന്തകളെ വരെ മാറ്റിമറിക്കാൻ കഴിവുള്ള ഒരു തരം ലഹരിയാണ്..!

ആ ചിരി...

മഷിയുണങ്ങാത്ത ഓർമ്മകൾ:

സഹർ അഹമ്മദ്ന്റെ *മഷിയുണങ്ങാത്ത ഓർമ്മകൾ* എന്ന പുസ്തകത്തിലെ ഒരു ഭാഗം വല്ലാതെ ചിന്തിപ്പിക്കുന്നതാണ്.

കണ്ണൂരിലെ എല്ലാ കുട്ടികളെയും പോലെ ഉപ്പാന്റെ വീട്ടിലെ നോമ്പുകാലം എനിക്കും ഓർക്കാൻ ഏറെ ഇഷ്ടപ്പെടുന്നതും സന്തോഷം നൽകുന്നതുമാണ്. കണ്ണൂർ ഫോർട്ട് റോഡിലെ ലബ്ബ തെരുവിൽ ആയി രുന്നു ഉപ്പാന്റെ വീട്. എന്റെ വീട്ടിലെ അടച്ചു പൂട്ടുന്ന ചുറ്റുപാടിൽ നിനുള്ള മോചനമായിരുന്നു ഉപ്പാന്റെ വീട്ടിലേക്കുള്ള ഓരോ യാത്രയും. സ്നേഹത്തോടെ എല്ലാവരും "കൈപൂത്ത്' എന്ന് വിളിക്കുന്ന ഉപ്പുമ്മനെയും മൂത്താപ്പയെയും അയൽവാസികൾക്കും കുട്ടികൾക്കും ഏറെ കാര്യമായിരുന്നു. ബോറസ്മാന്റെ വീട്ടിലേക്ക് സാധാനങ്ങൾ കൊണ്ട് വരുന്ന കൈവണ്ടിക്കാർ പോലും ഉപ്പാന്റെ വീട്ടിലെ വരാന്തയിലിമൂന്ന് ഉപ്പുമ്മാനോടും മൂത്താപ്പയോടും സംസാരിക്കുന്നുണ്ടാവും. അതു കൊണ്ട് തന്നെ തൊട്ടടുത്ത വീട്ടിലെ കുട്ടികളുമായി എളു പ്പത്തിൽ ചങ്ങാത്തം കൂടാനായി. നോമ്പ് ദിവസങ്ങളിൽ പോലും അവരുടെ കൂടെ പകലന്തിയോളം കളിയായിരുന്നു. രണ്ടു വശത്തും നിരയായി നിൽക്കുന്ന വീടുകൾ. അവയ്ക്കിടയിലെ വഴിയിൽ വെച്ചാ യിരുന്നു ക്രിക്കറ്റ് കളി. യൂസുഫ് ഡോക്ടറുടെ വളപ്പിലെ ഫുട്ബോൾ കളിയും, ജുനൈദിന്റെയും ജോബിയുടെയും പ്രാവ് വളർത്തലും, സ്റ്റേറ്റ് ബേങ്കിന്റെ പിറകിലെ വലിയ മാവിൽ കല്ലെറിഞ്ഞു മാങ്ങ പറിക്ക ലും. ഒടുവിൽ അവിടുത്തെ സെക്യൂരിറ്റി ജീവനക്കാർ വരുമ്പോൾ മതിൽ ചാടി ഓടലും. അൽജസീറ പ്രസ്സിന്റെ അടുത്തുള്ള പേരക്ക മരത്തിൽ നിന്നുള്ള പേരക്ക പറിക്കലും ഒക്കെയായി ആഘോഷമായിരുന്നു ആ ദിവസങ്ങൾ. ഉപ്പുമ്മയുടെ അയൽവാസിയായിരുന്നു നബീസ്താ. ഓടി കളിക്കുമ്പോൾ പലപ്പോഴും സ്നേഹത്തോടെ വിളിച്ചു ഇരുത്തും ഞാനും നിന്റെ ഉപ്പുമ്മയാണ് എന്ന് പറയും. ഉപ്പാന്റെ വീട്ടിലെ ഓർമ്മകളിൽ മായാതെ നിൽക്കുന്ന രൂപമാണ് മൂത്താപ്പയുടേത് മൂത്താപ്പ എന്നും പ്രത്യേക പരിഗണനയും സ്നേഹവും നൽകിയിരുന്നു. മൂത്താപ്പയുടെ കൈയും പിടിച്ചു മാർക്കറ്റിലേക്കും സ്റ്റേഷൻ റോഡിലെ ഫ്രൂട്ട് കടകകളിലൊക്കെ ചെന്ന് സാധാനങ്ങളൊക്കെ വാങ്ങിവരും മൂത്താപ്പയോട് നിർത്താതെ ഞാൻ പല കഥകളും പറയുന്നുണ്ടാവും.

ഇനി...

അനുഭവങ്ങളുടെ കുത്തൊഴുക്കായിരുന്നു നോമ്പുകാലം. അതിന്

പുറത്ത് അവരുടെ ചിരി കണ്ടിട്ടുണ്ടോ..?

അത് വെറുമൊരു ചിരിയല്ല..

ഉള്ളില് പുകയുന്ന ചിന്തകളെ വരെ മാറ്റിമറിക്കാൻ കഴിവുള്ള ഒരു തരം ലഹരിയാണ്..!

ആ ചിരി...

❑



ഓസ്ട്രേലിയയിലെ മെൽബൺ സെന്റ് ഗ്രീഗോറിയോസ് തീർത്ഥാടന ദൈവാലയത്തിൽ ഉയിർപ്പ് പെരുന്നാൾ ശുശ്രൂഷകൾ ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു. വികാരി ഫാ. സുജിൻ വര്ഗീസ് മാപ്പിള ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.



Prime Minister Modi being received by the Deputy Ambassador of India to Saudi Arabia, Abu Mathen George at Jeddah airport. Abu Mathen George is the son of Fr. Dr. K. M. George.



മണ്ണൂക്കുന്ന് സെന്റ് മേരീസ് പള്ളിയിൽ ഉയിർപ്പ് പെരുന്നാൾ ശുശ്രൂഷകൾ സഖറിയാ മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ മുഖ്യ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.



സിവിൽ സർവീസ് പരീക്ഷയിൽ 81-ാം റാങ്കോടെ ഉന്നത വിജയം കരസ്ഥമാക്കിയ റീനു അന്നാ മാത്യു. കൊല്ലം ഭദ്രാസനത്തിലെ പത്തനാപുരം മഞ്ഞക്കാല മാർ ശെമവൂൻ ദെസ്തൂനി ഓർത്തഡോക്സ് പള്ളി ഇടവകാംഗമാണ്.

◆ ഹൃദയം നിറഞ്ഞ ഭക്തിയോടെ ചെയ്യുന്ന പ്രാർത്ഥന ദൈവം കൈക്കൊൾകയും ഒരു അനുഗ്രഹരൂപമായി അതു നമുക്കു തിരികെ ലഭിക്കുകയും ചെയ്യും.

◆ ഈശ്വര പ്രാർത്ഥന ഈ ലോകത്തെ പല വിധത്തിലും ദൈവത്തിന്റെ പാദാരാവിന്ദങ്ങളോടു ചേർക്കുന്ന പൊന്നിൻ ചങ്ങലയത്രെ.

◆ സമാധാനത്തിന്റെ മനുഷ്യർ ചുരുക്കവും കലഹത്തിന്റെ പുത്രന്മാർ വളരേയും ആകുന്നു. അത് ഒടുക്കകാലമാകകൊണ്ടായിരിക്കാം.

– പ. പരുമല തിരുമേനി



കോട്ടയം ഓർത്തഡോക്സ് സെമിനാരി അവസാന വർഷ വിദ്യാർത്ഥികൾ പ. കാതോലിക്കാ ബാവായ്ക്കും മെത്രാപ്പോലീത്താമാർക്കുമൊപ്പം.